2017
ജൂൺ

# പടയാളി ന്യൂസ്
PADAYALI NEWS

Email: padayalinews@gmail.com

Facebook: www.facebook.com/padayalinews

## ആരോഗ്യകരമായ ആത്മീയ വളർച്ചയാണ് സഭക്ക് ആവശ്യം



സഭാ വളർച്ചയെക്കുറിച്ച് ഏറ്റവും കൂടുതൽ വീമ്പടിക്കുന്നത് മലയാളി പെന്തക്കോസ്തുകാരാണ്.

നൂറ് വർഷം മുൻപ് പെന്തക്കോസ്തു സഭാപ്രവർത്തനം കേരളത്തിൽ ആരംഭിച്ചപ്പോൾ അത് ഉണർവിന്റെ ജ്വാലയായിരുന്നു. ആയിരങ്ങൾ പാരമ്പര്യ ക്രൈസ്തവസഭകളിൽ നിന്നും വിശ്വാസ മാർഗ്ഗത്തിലേക്ക് ഇറങ്ങിത്തിരിച്ചു. അവരെല്ലാം വിശ്വാസത്തിനുവേണ്ടി വിലകൊടുത്തവരാണ്. പലരും പള്ളിഭൃഷ്ടരായതോടൊപ്പം കുടുംബങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടു. സ്വന്തം ഭവനത്തിൽ നിന്നും കിട്ടേണ്ട സാമ്പത്തിക നന്മകൾ പലർക്കും നഷ്ടമായി. കഷ്ടതയും, പട്ടിണിയും, തിരക്കും, അപവാദവും ഒന്നും അവരെ തളർത്തിയില്ല. അത്ഭുതങ്ങളും അടയാളങ്ങളും പ്രാർത്ഥനാകൂടി വരവുകളിൽ നിത്യ സംഭവങ്ങളായിരുന്നു. മറ്റാരോടെങ്കിലും സുവിശേഷം പറഞ്ഞില്ലെങ്കിൽ അവക്ക് ഉറക്കം വരില്ലായിരുന്നു.

യാതൊരു മിഷൻ സപ്പോർട്ടും സ്പോൺസറുമില്ലാതെ, സുവിശേഷ വേലക്കായി യൗവനക്കാർ ത്യാഗപൂർവ്വം ഇറങ്ങി. വിദ്യാഭ്യാസ യോഗ്യത കുറവായിരുന്നെങ്കിലും അവരിൽ വ്യാപരിച്ച പരിശുദ്ധാത്മ ശക്തി വർണ്ണനാതീതം ആയിരുന്നു. വേർപാടും വിശുദ്ധ ജീവിതവും അവർക്ക് ഭാരമായിരുന്നില്ല. ഗ്രാമങ്ങൾ തോറും ആത്മീയ സത്യങ്ങൾ മനസ്സിലാക്കിയവർ ചെറിയ കൂട്ടായ്മകൾ ആരംഭിച്ചു. പള്ളികൾ വിട്ടിറങ്ങിയവരും വീടിന്റെ വരാന്തകളിൽ കടമുറികളിലുമെക്കെ കൂടി വരവുകൾ ആരംഭിച്ചു.

ഞെരുക്കത്തിൽ യഹോവയോടു നിലവിളിച്ചു. ദൈവമേ പെന്തക്കോസ്തിലെ അടുത്ത തലമുറയ്ക്ക് ആത്മിക വിശാലത വരുത്തി. പണം കൂടിയതനുസരിച്ച്

6

## മന്ത്രവാദ ചികിത്സ; മർദ്ദിച്ച് അവശയാക്കിയ പെൺകുട്ടിയെ കൊണ്ട് ചാണകം തീറ്റിച്ചു



**മുംബൈ:** ദുർമന്ത്രവാദത്തിന്റെ ഭാഗമായി 18 കാരിയെ ക്രൂരമായി മർദ്ദിക്കുകയും ചാണകം തീറ്റിക്കുകയും ചെയ്തതായി റിപ്പോർട്ട്. മഹാരാഷ്ട്രയിലാണ് സംഭവം. രോഗശമനത്തിന് എന്ന പേരിൽ നടത്തിയ ദുർമന്ത്രവാദത്തിന്റെ ഭാഗമായാണ് പെൺകുട്ടിക്ക് ഇത്തരമൊരു ദാരുണ അനുഭവം നേരിടേണ്ടി വന്നത്.

തുടർച്ചയായി വയറുവേദന അനുഭവപ്പെട്ടതിനെ തുടർന്നാണ് പെൺകുട്ടിയെ ദുർമന്ത്രവാദത്തിന് ഇരയാക്കിയത്. മർദ്ദിച്ച് അവശയാക്കിയശേഷം പെൺകുട്ടിയെ കൊണ്ട് ചാണകം തീറ്റിക്കുകയായിരുന്നു. പ്രതികളിൽ ഒരാൾ ചിത്രീകരിച്ച ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ എത്തിയതോടെയാണ് സംഭവം പുറംലോകം അറിഞ്ഞത്.

ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഫോണുകളിലേയ്ക്ക് വിഡിയോ എത്തിയതോടെ പെൺകുട്ടിയുടെ പിതാവും ദുർമന്ത്രവാദിയും ഉൾപ്പെടെ ആറു പേർക്ക് എതിരെ 'ബ്ലാക് മാജിക് ആക്ട്' പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

# യേശുവിന്റെ ജഡാവതാര ലക്ഷ്യം മറന്നു പോകുന്ന കെ.സി. ജോൺ

പാസ്റ്റർ. ബിനു വി. ഡേവിഡ്





അനന്യനും, ആദിയിൽ ഉണ്ടായിരുന്നവനും, ദൈവത്തോട് സമനായവനും, സത്യ ദൈവവും നിത്യ ജീവനുമായവനും, സകല നാമത്തിനും മേലായ നാമം ഉള്ളവനുമായ യേശു ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയും യഹോവ സാക്ഷികൾക്ക് തുല്യമായ പഠിപ്പിക്കലുകളുമായി ഒരു കൂട്ടം വ്യക്തികൾ പെന്തക്കോസ്തു സഭകളിൽ പാസ്റ്റർമാരായും വിശ്വാസികളായും നുഴഞ്ഞു കയറിയിരിക്കുന്നു എന്ന സത്യം ഓരോ ദൈവപൈതലും വളരെ ശ്രദ്ധയോടെ കാണേണ്ട വസ്തുതയാണ്.

ഈയിടെയായി നവമാധ്യമങ്ങളിലൂടെ യേശുക്രിസ്തുവിനെ ഇകഴ്ത്തിയും അവിടുത്തെ ദൈവത്വത്തെ വെല്ലുവിളിച്ചും കൊണ്ടും മുൻപോട്ടു വരുന്നവരുടെ ലക്ഷ്യം ദൈവമക്കളെ യേശുവിലുള്ള വിശ്വാസത്തിൽ നിന്ന് അകറ്റുക എന്നുള്ളതാണ്. ദുരുപദേശങ്ങൾ ഇത്തിൾ ചെടിയെ പോലെ സഭയിൽ പടർന്നു പിടിച്ചു സഭയുടെ വളർച്ചയെ ബാധിക്കാതിരിക്കാൻ മുൻകരുതലുകൾ എടുക്കേണ്ടത് ഓരോ വിശ്വാസിയുടെയും പാസ്റ്റർമാരുടെയും കടമയാണ്. എന്നാൽ മുൻകരുതലിനു പകരം അശ്രദ്ധാപരമായി ദുരുപദേശങ്ങൾക്കു വളംവെച്ചുകൊടുക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ അനുഭവസ്ഥരും അറിവുള്ളവരുമായ ദൈവദാസന്മാരിൽ നിന്നും ഉണ്ടായാൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അങ്ങനെയിരിക്കെ ഈയിടെ പവർവിഷൻ ചാനലിലൂടെ ഐപിസി എന്ന സഭാപ്രസ്ഥാനത്തിന്റെ അമരക്കാരിലൊരാളായ പാസ്റ്റർ കെ.സി ജോൺ പവർവിഷൻ ചാനലിലൂടെ നടത്തിയ സംശയ നിവാരണ ചർച്ച അനേകരുടെ മനസ്സുകളിൽ സംശയത്തിന്റെ വിത്തുകൾ വിതച്ചു എന്നത് സംശയമില്ലാത്ത കാര്യമാണ് അതേ സമയം തന്നെ അദ്ദേഹത്തെ എതിർത്തും അനുകൂലിച്ചും അനേകർ സോഷ്യൽ മീഡിയയിലൂടെ രംഗത്തു വന്നു എന്നുള്ളതും അദ്ധേഹത്തിന്റെ ഉപദേശം ഉണ്ടാക്കിയ ആശയക്കുഴപ്പങ്ങളുടെ പരിണിത ഫലമാണ്.

പറയേണ്ടത് പലതും പറയാതെയും ചില കാര്യങ്ങൾക്കു അമിത പ്രാധാന്യം കൊടുത്തും സംസാരിച്ച അദ്ദേഹത്തിന്റെ വാക്കുകളിൽ സംഭവിച്ചതെന്താണ്? പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരാളാണോ അതോ മൂന്നു വ്യക്തികളാണോ ? എന്ന ചോദ്യത്തിന് ഉത്തരമായി അവർ മൂന്ന് ആളുകൾ ആണെന്നും, സ്നേഹമാണ് അവരെ ഒന്നിപ്പിക്കുന്നതു എന്നും പറഞ്ഞ പാസ്റ്റർ കെ. സി ജോൺ, പിതാവിനെയും പുത്രനെയും വ്യത്യസ്തരാക്കി കാണിക്കാൻ ഭാര്യയുടെയും ഭർത്താവിന്റെയും സ്നേഹബന്ധം ഉദാഹരണമായെടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിത്യത മുതൽ നിത്യത വരെ പിതാവ് പുത്രനിൽ നിന്ന് വ്യത്യസ്തനാണെന്നു സ്ഥാപിക്കാൻ ശ്രമിച്ച അദ്ദേഹം അതിനു ഉപോല്ബലകമായി അവർ രണ്ടു പേരാണെന്നും അവരെ ബന്ധിപ്പിക്കുന്ന ഘടകം ഐക്യതയാണെന്നും പറഞ്ഞു വെച്ചു. പറഞ്ഞതനുസരിച്ചു മൂന്നു ദൈവങ്ങൾ ഉണ്ടെന്നു തോന്നിക്കുന്ന രീതിയിലായപ്പോൾ അവസാനം മൂന്നു ദൈവങ്ങളില്ല ദൈവം ഒന്നേയുള്ളു എന്നും ആ ദൈവത്തിൽ മൂന്നു ആളുകൾ ഉണ്ട് എന്നും പറഞ്ഞു കൊണ്ട് അദ്ദേഹത്തിന്റെ 'നിങ്ങളുടെ ചോദ്യങ്ങൾ' എന്ന പ്രോഗ്രാം അവസാനിപ്പിച്ചു.

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരാൾ തന്നെയാണോ അതോ മൂന്നു ആളുകൾ ആണോ എന്ന ചോദ്യത്തിന് മറുപടിയായി മൂന്നും വ്യത്യസ്തരായ മൂന്നു ആളുകളാണെന്നു തെളിയിക്കാൻ പാസ്റ്റർ കെ. സി ജോൺ തിരുവചനത്തെ തന്റെ രീതിയിൽ വ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നത് കേട്ടപ്പോൾ അനേക ദൈവമക്കളുടെ ഉള്ളിൽ സ്വാഭാവികമായും ഒരു ഞെട്ടൽ ഉണ്ടായത് അവരുടെ പരസ്യ പ്രതികരണങ്ങളിൽ നിന്ന് ക്രിസ്തീയ സമൂഹം തിരിച്ചറിഞ്ഞതുമാണ്..

യേശു നാമക്കാരുടെ ഉപദേശത്തെ ഖണ്ഡിക്കാനുള്ള ലക്ഷ്യത്തോടെ യേശുവിന്റെ സ്നാന സമയത്തു പ്രകടമായി കാണുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവും യേശുവല്ല എന്ന് തെളിയിക്കാൻ ശ്രമിച്ച പാസ്റ്റർ കെ സി ജോൺ ആ പറഞ്ഞത് ശരിയാണേലും അതിനു ശേഷം പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നല്ല എന്ന് സ്ഥാപിക്കാൻ ശ്രമിച്ചതിലൂടെ സത്യദൈവങ്ങൾ മൂന്നു ആണെന്ന് തെളിയിക്കാൻ ശ്രമിക്കുന്നതാണ് പിന്നെ കണ്ടത്. ആത്മാവായ ഏക സത്യദൈവം പിതാവായും, പുത്രനായും, പരിശുദ്ധാത്മാവായും വെളിപ്പെട്ടിരിക്കുന്നു എന്ന സത്യം നിലനിൽക്കെ അതിനെ ഒഴിവാക്കി ദൈവജനങ്ങളിൽ സംശയത്തിന്റെ വിഷവിത്ത് വിതച്ച പാസ്റ്റർ കെ.സി ജോണിനെ അനുകൂലിച്ചു കൊണ്ട് ത്രിത്വത്തിന്റെ വക്താക്കളെന്നു സ്വയം വിശേഷിപ്പിക്കുന്ന ചിലർ എല്ലാ ക്രൈസ്തവ സമൂഹത്തെയും അഭിസംബോധന ചെയ്തു കൊണ്ട് രംഗത്തു വരികയും ചെയ്തു. 'ദൈവം ആത്മാവാകുന്നു' ആ ആത്മാവാകുന്ന ദൈവം പിതാവായും അതെ ദൈവം പുത്രനായും (ദേഹരൂപത്തിൽ), പരിശുദ്ധാത്മാവായും നമുക്ക് വെളിപ്പെട്ടിരിക്കുന്നു, അതാണ് ശരിയായ ത്രിത്വോപദേശവും. പിതാവും, പുത്രനും, പരിശുദ്ധാത്മാവും മൂന്നല്ല ഒരാളാണ്, ഒരേ ദൈവത്തിന്റെ സമ്പൂർണ വെളിപ്പാടാണ്. പിതാവും പുത്രനും ഒന്ന് ആണെന്നു യേശു അവകാശപ്പെട്ടുന്നതുപോലും അവൻ പിതാവിന് തുല്യനായ ദൈവത്തിന്റെ വെളിപ്പാടായതുകൊണ്ടാണ്. മകനായും, ശിശുവായും അവതരിച്ച യേശു നിത്യപിതാവും വീരനാം ദൈവവുമാണെന്ന തിരുവചന സത്യം (യെശ 9:6) ക്രിസ്തു യേശുവിന്റെ നിസ്തുല്യതയെയും പിതാവിനോടൊപ്പമുള്ള സമത്വത്തെയും വെളിപ്പെടുത്തുന്നു എന്ന സത്യത്തെ നിസ്സാരമാക്കിക്കളഞ്ഞു കൊണ്ട് യേശു ക്രിസ്തുവിനെ പിതാവിലും കുറച്ചു കാണിക്കുകയും ഭാര്യയും ഭർത്താവും തമ്മിൽ സ്നേഹത്തിൽ ഒന്നിക്കുന്നത് പോലെയാണ് പിതാവും പുത്രനും സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്നതെന്നു പറഞ്ഞ പാസ്റ്റർ കെ.സി ജോണിന്റെ വീഡിയോ ശ്രദ്ധിച്ചു കേട്ട വച

7

എഡിറ്റോറിയൽ

# അഞ്ജരെ വഴി കാട്ടുന്ന അന്ധന്മാർ

കുരുടൻ കുരുടനെ വഴി കാട്ടിയാൽ രണ്ടു പേരും കുഴിയിൽ വീഴും. പെന്തക്കോസ്തിലെ സ്ഥിതി ഇപ്പോൾ ഇതാണ്. ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ അജ്ഞതയുടെ തിമിരം ബാധിച്ച വിശ്വാസികളെ വഴി നടത്തുന്നു.

പെന്തക്കോസ്തിലെ ആദ്യകാല നേതാക്കന്മാർക്ക് കാഴ്ചയുണ്ടായിരുന്നു. കാഴ്ചപ്പാടുണ്ടായിരുന്നു. ദൈവം ശില്പിയായി നിർമ്മിച്ച ആ മനോഹര നഗരമായിരുന്നു അവരുടെ ലക്ഷ്യം. ദുഃഖത്തിന്റെ പാനപാത്രം കൈയ്യിലേന്തി ഈ സീയോൻ സഞ്ചാരികൾ യാത്ര ചെയ്തിരുന്നു. ഉപദേശ വിശുദ്ധിയും ജീവിത വിശുദ്ധിയും അവർ കാത്തുസൂക്ഷിച്ചിരുന്നു. തിരുവചന സത്യങ്ങളുടെ സംരക്ഷണത്തിനായി പോരാടുവാൻ അവർ സദാ സന്നദ്ധരുമായിരുന്നു.

ആത്മീയ തീക്ഷണതമൂലം കുറെ അബദ്ധങ്ങൾ പറ്റിയെന്നു പറയാതെ വയ്യ. മരുന്നു കഴിക്കുന്നത് പാപമാണെന്ന പഠിപ്പിക്കൽ തന്നെ നല്ല ഉദാഹരണം. ഇത്തരത്തിലുള്ള ചില അബദ്ധസിദ്ധാന്തങ്ങൾ അവർ പ്രചരിപ്പിച്ചിട്ടുണ്ടങ്കിലും അക്കാലത്തെ നേതാക്കന്മാരുടെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യാനാവില്ല.

പെന്തക്കോസ്ത് ഉപദേശങ്ങളുടെ പ്രചരണത്തിനായി നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് രചിക്കപ്പെട്ടു. അവയിൽ ഭൂരിപക്ഷവും ഇന്നും പ്രസക്തമാണ്. ദുരുപദേശങ്ങൾക്ക് എതിരെ പോരാടുകയെന്നത് തങ്ങളുടെ ശിശ്രൂഷയുടെ ഭാഗമായി അക്കാലത്തെ പെന്തക്കോസ്തു നേതാക്കന്മാർ പരിഗണിക്കുകയും ചെയ്തു. ഈ ഉദ്ദേശ്യത്തോടുകൂടെ ചില മാസികകളും ഇവർ പ്രസിദ്ധീകരിച്ചിരുന്നു. ദൈവജനത്തെ ശരിയായ വഴിയിൽ നയിക്കുന്നതിന് ഇത്തരം പ്രസിദ്ധീകരണങ്ങൾ ഏറെ സഹായകമായി.

എന്നാൽ ഇന്നത്തെ സ്ഥിതിയെന്ത്? തികച്ചും നിഷ്പക്ഷമായി വിലയിരുത്തി നോക്കു. ഏതെങ്കിലും പത്രമോ മാസികയോ വിശ്വാസ സംരക്ഷണത്തിനായി പോരാടുന്നുണ്ടോ? ഏതെങ്കിലും പെന്തക്കോസ്തു നേതാവ് വിശ്വാസ സംരക്ഷണത്തിനായി എന്തെങ്കിലും ചെയ്യുന്നുണ്ടോ ? കഴിഞ്ഞ 15 വർഷത്തെ ചരിത്രം ഉദാഹരണമായി എടുത്തു പരിശോധിക്കു.

ആത്മീയ ഗ്രന്ഥങ്ങളുടെ ഒരു വേലിയേറ്റം തന്നെ അടുത്ത കാലത്തുണ്ടായി. അവയിൽ എത്രയെണ്ണം നേതാക്കന്മാരുടെ വകയായിട്ടുണ്ട് ? പെന്തക്കോസ്തിലെ അറിയപ്പെടുന്ന നേതാക്കളിൽ എത്രപേർ ഈ കാലയളവിൽ പുസ്തകങ്ങൾ എഴുതി.

പെന്തക്കോസ്തിൽ പത്രങ്ങൾക്കും മാസികകൾക്കും പഞ്ഞമില്ല. എഴുത്തുകാരും വേണ്ടതിൽ അധികമുണ്ട്. പക്ഷേ പെന്തക്കോസ്തിലെ നേതാക്കന്മാർ എഴുതുകയില്ല. അതിനൊന്നും അവർക്ക് സമയവും ഇല്ല.

കൺവൻഷൻ സീസണിൽ നേതാക്കന്മാർ എല്ലാം നാട്ടിലുണ്ടാകും. ഓടിനടന്നു പ്രസംഗിക്കും. ശരിക്കും ഷൈൻ ചെയ്യും. അതിനിടെ സഭാ ഭരണം നടത്തും. മഴക്കാലം ആരംഭിക്കുന്നതോടെ പെന്തക്കോസ്തു നേതാക്കന്മാർ സ്ഥലം വിടും. തുടർന്നുള്ള ആറുമാസം ഇവർ വിദേശത്ത് ആയിരിക്കും. ' നമുക്കും കിട്ടണം പണം ' എന്ന ഏക ലക്ഷ്യമേ ഇവർക്കുള്ളു. കിട്ടുന്ന പണമെല്ലാം ഇവർ സ്വകാര്യ ട്രസ്റ്റിന്റെ വകയാക്കും. ദൈവമക്കളെയും സർക്കാരിനെയും അതിമനോഹരമായി കബളിപ്പിക്കും.

പെന്തക്കോസ്തിലെ പൂരിപക്ഷം നേതാക്കന്മാരും സദാചാരമൂല്യങ്ങൾക്ക് ഒരു വിലയും കല്പിക്കാറില്ല. ദുർന്നടപ്പ് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഇതിനെതിരെ ആരെങ്കിലും പ്രതികരിച്ചാൽ അവർ പിശാചുക്കളായി മാറും. എതിർക്കുന്നവന്റെ വായടക്കാൻ ഇവർ എന്തുവഴിയും സ്വീകരിക്കും.

പ്രാദേശിക സഭകളെ സംഘടിപ്പിച്ച് തിരുവചന വിരുദ്ധമായി സംഘടനകൾ കെട്ടിപ്പടുക്കുന്നതിന്റെ പരിണിത ഫലങ്ങളാണിതൊക്കെ. സംഘടനകളെ സഭകളായി ജനം തെറ്റിദ്ധരിച്ചു. സംഘടനകളുടെ നേതാക്കന്മാരെ ദൈവദാസന്മാരായി പരിഗണിച്ചു. അങ്ങനെയാണ് ഈ പ്രശ്നങ്ങളൊക്കെയുണ്ടായത്.

ഈ നേതാക്കന്മാർ ദൈവദാസന്മാർ അല്ലെന്നും ഈ സംഘടനകൾ ദൈവസഭയല്ലെന്നും മനസിലാക്കാൻ ദൈവമക്കൾക്ക് കഴിഞ്ഞാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളെ ഇവിടെയുള്ളു.

പക്ഷേ, ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ സത്യവെളിച്ചം കാണുന്നില്ല. സംഘടനാ സ്പിരിറ്റിന്റെ പിടിയിൽ അമർന്ന വിശ്വാസികൾ സത്യം കണ്ടെത്താൻ ശ്രമിക്കുന്നതുമില്ല. അങ്ങനെ നേതാക്കന്മാരും വിശ്വാസികളും ഒന്നുപോലെ നാശത്തിലേക്ക് നീങ്ങുന്നു.

എന്താണ് ഒരു പോംവഴി ? ഉത്തരം ലളിതം. ദൈവജനം ബൈബിളിലേക്ക് മടങ്ങുക. തിരുവെഴുത്ത് എന്തുപറയുന്നു എന്ന് പരിശോധിക്കുക. വചനത്തിൽ ആധാരമല്ലാത്ത എല്ലാ ഉപദേശങ്ങളും തള്ളിക്കളയുക. സംഘടനാ സ്പിരിറ്റ് ഉപേക്ഷിക്കുക. സഭകൾ എന്നപേരിൽ അറിയപ്പെടുന്ന സംഘടനകൾ ദൈവീകം അല്ലാ എന്ന സത്യം തിരിച്ചറിയുക. ഈ സംഘടനളുടെ നേതാക്കന്മാർക്ക് ദൈവം കൊടുത്ത അധികാരമില്ലെന്നും മനസ്സിലാക്കുക. ദൈവവേലക്ക് പണം ഈ കള്ളന്മാരെ ഏല്പിക്കുന്നത് നിർത്തുക. ദൈവജനം ഇത്രയുമൊക്കെ ചെയ്താൽ പെന്തക്കോസ്തിലെ പ്രശ്നങ്ങളിൽ ഭൂരിപക്ഷത്തിനും പരിഹാരമുണ്ടാകും.

# സുവിശേഷികരണത്തിൽ യുവജനപ്രസ്ഥാനങ്ങളുടെ പങ്കു

ജെറിൻ തെക്കേതിൽ



കാലചക്രം ഉരുളുമ്പോളും വാർത്തകൾക്ക് അതിന്റെ പ്രാധാന്യത നഷ്ടമായിട്ടില്ല. ഈ നൂറ്റാണ്ടിലും വാർത്തകൾക്ക് അതിന്റേതായ പ്രാധാന്യത ഉണ്ട്. പല വാർത്തകളുടെയും പ്രാധാന്യത ചില ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങൾ കഴിയുമ്പോൾ നഷ്ടമാകും. എന്നാൽ വർഷങ്ങൾ പലത് പിന്നിട്ടെങ്കിലും പ്രാധാന്യത നഷ്ടപ്പെടാത്ത ഒരു വാർത്ത ഉണ്ട്. ആ വാർത്ത ആണ് സുവിശേഷം. സുവിശേഷം എന്ന വാക്കിന്റെ അർത്ഥം തന്നെ 'സദ് വാർത്ത' (നല്ല വാർത്ത) എന്നാണ്. കർത്താവായ യേശുവിന്റെ ജനന സമയത്ത് സ്വർഗ്ഗീയ ദൂതന്മാർ ആട്ടിടയന്മാരോട് പറഞ്ഞത് 'ഈ സുവിശേഷം സത്യമാണ്. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു' (ലൂക്കോസ്:2:10). ഏതൊരു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തുവാൻ സുവിശേഷത്തിനു മാത്രമേ കഴിയു. പാപം ചെയ്തു നിത്യ നരകത്തിനു അവകാശികളാകേണ്ടിയ മാനവരാശിയെ വിശ്വാസമാർഗ്ഗത്താൽ നിത്യസ്വർഗത്തിന് അവകാശിയാക്കുന്ന ഏക രക്ഷാ മാർഗ്ഗമാണ് സുവിശേഷം.

**എന്താണ് സുവിശേഷം?**

'ദാവീദിന്റെ സന്തതിയായി ജനിച്ചു, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം.' യേശുവിന്റെ കാൽവറി മരണത്തിന്റെ ഉദ്ദേശമാണ് സുവിശേഷം. ഇനിയും തന്റെ വിശുദ്ധന്മാരെ ചേർത്തുകൊൾവാൻ വീണ്ടും വരും. അവന്റെ രണ്ടാം വരവിങ്കൽ എടുക്കപ്പെടുമെന്നുള്ള പ്രത്യാശയാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതലായ ഉറപ്പ്. പാപത്തിലൂടെ മനുഷ്യവർഗ്ഗത്തിനു നഷ്ടപെട്ട സ്വർഗീയ സ്ഥാനം യേശുക്രിസ്തുവിലൂടെ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗമാണ് സുവിശേഷം.

**ആരാണ് ആദ്യത്തെ സുവിശേഷകൻ?**

ആദ്യത്തെ സുവിശേഷകൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ്. ആദ്യ അപ്പോസ്തലനും, പുതിയ നിയമ സഭയിലെ ആദ്യ പ്രവാചകനും, ആദ്യ ഉപദേഷ്ടാവും, ആദ്യ ഇടയനും എല്ലാം യേശു കർത്താവ് ആണ്. പിതാവായ ദൈവം സത്യ സുവിശേഷം പുത്രനാം യേശുവിനെ ഭരമേല്പിച്ചു. യേശു തന്റെ ശുശ്രൂഷ തികച്ച് ദൈവസന്നിധിയിലേക്ക് മടങ്ങിപ്പോയി. എന്നാൽ അന്നുമുതൽ ഇന്നുവരെയും സുവിശേഷം ലോകത്തിൽ പ്രഘോഷിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. യേശു നമ്മെ ഏൽപ്പിച്ചു പോയ ദൗത്യവും 'നിങ്ങൾ പുറപ്പെട്ട് ഞാൻ കൽപ്പിച്ചത് ഉപദേശിച്ചു കൊടുപ്പിൻ' എന്നാണ്.

**എങ്ങനെ സുവിശേഷം അറിയിക്കാം?**

ധൈര്യത്തോടും വിശ്വാസത്തോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടും ആയിരിക്കേണം സുവിശേഷം അറിയിക്കേണ്ടത്. എന്നാൽ ആധുനികലോകത്തിലേക്ക് നാം നോക്കുമ്പോൾ സുവിശേഷത്തെയും അതിന്റെ സാധ്യതകളെയും കാറ്റിൽ പറത്തി യഥേഷ്ടം സഞ്ചരിക്കുന്ന ഒരു സമൂഹത്തെ നമുക്ക് കാണുവാൻ സാധിക്കുന്നു. ഇന്ന് അറിയപ്പെടുന്ന യുവജനപ്രസ്ഥാനങ്ങൾക്കും നവമാധ്യമങ്ങൾക്കും എല്ലാം അനേകം സാധ്യതകൾ ദൈവമായി നൽകിയിട്ടുണ്ട്. എന്നാൽ ദൗത്യം  മറന്ന് 'പ്രവർത്തിയില്ലാത്ത  വെറും വാർത്തയായി' അധഃപതിച്ചുകൊണ്ടിരിക്കുമ്പോൾ യൗവ്വന ലോകം ഉണർന്നേ മതിയാകു. തന്റെ അവസാന തുള്ളി രക്തം വരെയും നമുക്കായി നൽകിയ യേശുക്രിസ്തു അവസാനമായി നമ്മെ ഏൽപ്പിച്ച ദൗത്യമാണിത്. നാം ഓരോരുത്തരും അത് നിവർത്തിക്കുവാൻ ബാധ്യസ്ഥരാണ്.

സുവിശേഷത്തിന്റെ പ്രചരണത്തിനായി നമുക്ക് പല വിധത്തിലും പങ്കാളികൾ ആകുവാൻ സാധിക്കും. വ്യക്തിപരമായി സുവിശേഷം അറിയിക്കുക, ട്രാക്ട് വിതരണം, ജീവിതത്തിൽ സുവിശേഷം അറിഞ്ഞത് മൂലമുണ്ടായ വ്യതിയാനം, സുവിശേഷത്തിൽ കൂടി ലഭിച്ച അനുഗ്രഹം ഒക്കെ മറ്റുള്ളവരോട് പങ്ക് വയ്ക്കുക, അറിഞ്ഞ സത്യത്തെ മറ്റുള്ളവരിലേക്ക് പകരുക എന്നുള്ളത് ഒക്കെ ഇവയിൽ ചിലത് മാത്രം ആണ്. എന്നാൽ ട്രാക്ട് വിതരണവും പരസ്യയോഗങ്ങളും ഒക്കെ ഇന്ന് അന്യം ആയി പോകുകയാണ്. നമ്മുടെ ജീവിതം കൊണ്ട് ചിലർ നാം ദർശിച്ച ക്രിസ്തുവിനെ കാണണം.

പാപത്തിന്റെ പടുകുഴിയിലേക്ക് താഴ്ന്നു പോകുന്ന ഇപ്പോഴത്തെ യുവതലമുറയെ ആകർഷിക്കുവാൻ പ്രാചീന രീതികൾ മാത്രം പോരാ. കാലം മുന്നേറുമ്പോൾ അതിനു അനുയോജ്യമായി സമൂലമായ മാറ്റം എല്ലാ അർത്ഥത്തിലും അനിവാര്യമാണ്. ഔട്ട് റീച്ച് പ്രോഗ്രാമുകൾ, മ്യൂസിക് ഇവന്റുകൾ, കോളേജ് സ്കൂൾ തലങ്ങളിൽ ഉള്ള പ്രോഗ്രാമുകൾ ഒക്കെ സുവിശേഷീകരണത്തിന്റെ ഭാഗമാക്കാവുന്നതാണ്.



**യേശു വ്യക്തിപരമായും വീടുകളും പട്ടണങ്ങളും ഗ്രാമങ്ങൾ  തോറും സുവിശേഷം അറിയിച്ച് പോന്നിരുന്നു. എന്നാൽ ഇന്നത്തെ പല സുവിശേഷകർക്കും അത് താല്പര്യമില്ല. ഫ്ളക്സുകളിൽ തന്റെ പടം വരത്തക്ക വിധമുള്ള കൺവെൻഷനുകളിലും മെഗാ ക്രൂസേഡുകളിലും ഒക്കെ പ്രസംഗിക്കാനാണ് താൽപര്യം.**

നമ്മുടെ സഭകളിലെ യുവജനങ്ങൾക്ക് ഒരു അവസരം ലഭിച്ചാൽ പോലും സുവിശേഷം പറയുവാൻ ഉള്ള താല്പര്യം പലരിലുമില്ല. ഇതിനൊരു മാറ്റം വരേണം. ഈ മാറ്റത്തിന് ഒരു ആദ്യ ചുവട് വയ്പ്പ് എന്ന നിലയിൽ സഭാതലങ്ങളിൽ മുതൽ തന്നെ നിർബന്ധിത ശിഷ്യത്വ പരിശീലനം ആരംഭിക്കേണം. അങ്ങനെ എങ്കിൽ നമുക്ക് വേണ്ടി ജീവൻ വെടിഞ്ഞ കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്നത് ഒരു അഭിമാനമായും ജീവൻ വെടിയേണ്ടി വന്നാൽ പോലും അറിഞ്ഞ സത്യത്തിൽ ഉറച്ചുനിൽക്കുവാൻ തക്കവണ്ണം ഉള്ള ഒരു പ്രചോദനവും നമ്മുടെ യുവജനങ്ങൾക്ക് നൽകേണ്ടത് അനിവാര്യമാണ്.

സുവിശേഷീകരണത്തിന്റെ സാധ്യതകളിൽ  ഏറ്റവും നല്ല ഒരു മേഖലയാണ് സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാവുന്നതായ ജീവകാരുണ്യത്തിന്റെ മേഖല. ഇവരുടെ നടുവിൽ ഈ നല്ല വാർത്തയുടെ സന്ദേശ വാഹകരാകാൻ നമുക്ക് സാധിക്കും. എന്നാൽ നിർഭാഗ്യം ആന്ന് പറയട്ടെ, നമ്മളിൽ നല്ല പങ്കും ആ മേഖലയിലേക്ക് എത്തിനോക്കുക പോലുമില്ല എന്ന യാഥാർഥ്യം വിസ്മരിച്ചുകൂടാ.

സാമൂഹിക മാധ്യമങ്ങൾ ഇന്ന് ജീവിതത്തിൽ ഒഴിച്ച കൂടാൻ പറ്റാത്ത ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. ദിവസത്തിൽ കുറഞ്ഞത് അര മണിക്കൂർ എങ്കിലും സോഷ്യൽ മീഡിയകൾ കവർന്നിരിക്കുന്നു. സോഷ്യൽ മീഡിയ വഴിയായി ദിവസേന വാ

6



# വിശുദ്ധ നാട് സന്ദർശനം; സത്യമോ മിഥ്യയോ..

വേദപുസ്തകം നമ്മെ പരിചയപ്പെടുത്തുന്ന സ്ഥലങ്ങളാണ് ഇസ്രായേൽ, പാലസ്തീൻ നാടുകൾ. എന്ന് കരുതി അവ വിശുദ്ധ നാട് ആകുമോ? അങ്ങനെയാണെങ്കിൽ ഉല്പത്തി മുതൽ വെളിപ്പാട് വരെ പറയുന്ന ഓരോ സ്ഥലങ്ങളും വിശുദ്ധമാകണം. എന്നാൽ ഈ ഭൂമിയിൽ എവിടെങ്കിലും വിശുദ്ധമായ ഒരു നാട് ഉണ്ടോ? സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നതായി യോഹന്നാന്റെ ഒന്നാം ലേഖനം 5:19 ൽ കാണുന്നു.

അപ്പോൾ നിങ്ങൾ പോകുന്ന വിശുദ്ധനാട് ഈ ലോകത്തിനപ്പുറത്തെവിടെയോ ആയിരിക്കണമല്ലോ എന്നാണ് ചില വേദ പണ്ഡിതന്മാർ ചോദിക്കുന്നത്. ചോദിക്കുന്നതിൽ കാതൽ ഉണ്ട് താനും

യേശുവിനെ ക്രൂശിച്ചു കൊന്ന നാട് വിശുദ്ധമാകുമെങ്കിൽ ക്രൂശിച്ചവർ വിശുദ്ധന്മാരാകണം. അവൻ സ്വന്തത്തിലേക്കു വന്നു സ്വന്തക്കാർ അവനെ കൈക്കൊണ്ടില്ല ആ നാട് എങ്ങനെ വിശുദ്ധമാകുന്നു? യേശുവിന്റെ കാലഘട്ടത്തിൽ ആ സ്ഥലങ്ങളിൽ ഒക്കെ പ്രസംഗിച്ചു നടക്കുമ്പോൾ മനസാന്തര പെടുവിൻ എന്നുള്ള ശബ്ദം തന്നെയല്ലേ വിളിച്ചു പറഞ്ഞിരുന്നത്.... വിശുദ്ധ നാട്ടിലെ വിശുദ്ധർ മനസാന്തരത്തിനു എന്തിനു പോകണം.


ടൂർ മുതലാളിമാരും, ഏജന്റുമാരും കൂടി ആരെയാണ് പൊട്ടരാക്കുന്നത്. വിഡ്ഢി വേഷം കെട്ടാൻ കുറെ വിശ്വാസികളും അവർക്കു മേക്കപ്പിടാൻ കുറെ പാസ്റ്റർമാരും ഉള്ളതുകൊണ്ട് ചിലരുടെ പോക്കറ്റുവീർക്കുന്നു, ബാങ്ക് ബാലൻസ് കൂടുന്നു.

പാലസ്തീൻ വിശുദ്ധ നാടാണെന്നു പറഞ്ഞു ജനത്തെ കബളിപ്പിക്കുന്നവരോടു കൂടെയാണ് പത്രോസ് പറഞ്ഞത് 'എല്ലാ ചതിവും, വ്യാജ ഭാവവും നീക്കി കളയാൻ'.

ഹിന്ദുക്കൾക്കും, മുസ്ലീംങ്ങൾക്കും, എപ്പിസ്കോപ്പൽ സഭക്കാർക്കും പുണ്യസ്ഥലങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും ഉണ്ട്. ഹിന്ദുക്കൾ ശബരിമലയിൽ പോകുന്നു. മുസ്ലീങ്ങൾ മക്കയിൽ പോകുന്നു. സമുദായക്കാരെന്നു നമ്മൾ ആക്ഷേപിക്കുന്നവർ പരുമലയിലും, മലയാറ്റൂരുമൊക്കെ പോകുന്നു. പോയി വരുമ്പോൾ എന്തോ ഒരു നിർവൃതി മക്കയിൽ നിന്നു മടങ്ങിവരുന്നവരെ ബഹുമാനത്തോടെ 'ഹാജി' എന്നു വിളിക്കും. അപ്പോൾ യെരുശലേമിൽ പോയി വരുന്നവരെയും എന്തെങ്കിലും വിളിക്കണം. തൽക്കാലം 'മൂഡാ' എന്നു വിളിക്കാം. ഇത് കർത്താവ് ഒരു സമ്പന്നനെ വിളിച്ചപേരാണേ.

പാസ്റ്റർ തീർത്ഥാടത്തിനു പോകുമ്പോൾ യാത്രയയപ്പിനു വിശ്വാസികൾ പാടും. കടലിനക്കരെ പോണോരേ പോയി വരുമ്പോൾ എന്തുകൊണ്ടു വരും ??? എന്ന് കഷ്ടം !

കഴിഞ്ഞ ദിവസം ഒരു പരസ്യം കണ്ടു, കരളു കുളിരുമ്പോൾ, വചനം ഓർക്കുന്നു. അന്ത്യ കാലമാണെന്ന്, പണത്തിനു വേണ്ടി ദൈവത്തിന്റെ പേരിൽ എന്തെല്ലാം തട്ടിപ്പുകൾ ??? ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കണേ കർത്താവേ? പരസ്യം എന്തെന്ന് പരസ്യമായി പറയാം. 'യേശുവിന്റെ കാൽചുവടുകളെ പിൻതുടരുവാൻ വിശുദ്ധനാട്ടിലേക്ക്'.




അപാര ബുദ്ധി തന്നെ. യേശുവിന്റെ കാൽച്ചുവടുകളെ പിൻതുടരുവാൻ അവിടുന്ന് ഒരു നല്ല മാതൃക തന്നിട്ടുണ്ട് (1 പത്രോസ് 2:2123) ആരെങ്കിലും ഉച്ചത്തിൽ വായിച്ച് ഇവരെ ഒന്നു കേൾപ്പിച്ചാട്ടെ. ഇവിടെ പറയുന്ന മാതൃക പലസ്തീനിൽ പോവുകയല്ല മറിച്ച് പാപം ചെയ്യാതിരിക്കുക, വഞ്ചിക്കാതിരിക്കുക, ശകാരിക്കാതിരിക്കുക, ഭീഷണിപ്പെടുത്താതിരിക്കുക എന്നൊക്കെയാണ്. അതിനു പകരം പാലസ്തീനിൽ പോയാൽ മതിയോ ???

പുതിയ യെരുശലേമിൽ പോകാൻ സാദ്ധ്യതയില്ലാത്തവരെ ശപിക്കപ്പെട്ട യരുശലേമെങ്കിലും കാണിക്കാം എന്നാണോ സംഘാടകരുടെ ആഗ്രഹം ആരുടെയും കഞ്ഞികുടി മുട്ടിക്കാനല്ല ഇതെഴുതിയത്. നിങ്ങളുടെ പരമാർത്ഥ മനസ്സിനെ ഒന്നു തൊട്ടുണർത്താൻ മാത്രം. പക്ഷേ നിങ്ങൾ ഒരിക്കലും ഉണരില്ല.

ആർക്കും എവിടെയും സഞ്ചരിക്കാം എന്നാൽ ഈ യാത്രകൾക്കു ആത്മീയതയുടെ പരിവേഷം കെട്ടിച്ചു വെറും വിഡ്ഢികളാക്കി വിശ്വാസ സമൂഹത്തെ മാറ്റരുത്. അതിനു കൂട്ട് നില്ക്കാൻ കുറെ പാസ്റ്റർമാരും.

കാര്യം തീർക്കുന്ന നാളിൽ കരം ബലപ്പെട്ടിരിക്കുമോ... ഇത് മറ്റൊരു ആത്മീയ തട്ടിപ്പല്ലേ ?

# അമേരിക്കൻ മലയാളികളെ വിഴുങ്ങുന്ന പെന്തക്കോസ്ത് പത്രക്കാർ

അമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫറൻസിന്റെ മറവിൽ ലക്ഷങ്ങൾ ചില പത്രപ്രവർത്തകർ വിഴുങ്ങുന്നതായി അമേരിക്കൻ മലയാളികൾ.



കഴിഞ്ഞ 10 വർഷങ്ങളായി കേരളത്തിലെ പാസ്റ്റർമാർ വിസിറ്റിംഗ് വിസയിലും, മീഡിയ വിസയിലുമൊക്കെ അമേരിക്കയിൽ എത്തുക സർവ്വസാധാരണമാണ്. എന്നാൽ എല്ലാത്തിനും ഒരതിരില്ലേ. പത്രമെന്ന പേര് ഒരു വശത്തും പാസ്റ്റർ എന്ന ലേബൽ മറുവശത്തും. എന്തായാലും ആറുമാസം അമേരിക്കൻ മലയാളികളെ ഊറ്റുന്നതിനു ഒരു പരിധിയുമില്ല. അത് എടുത്തു പറയേണ്ട സമയം അതിക്രമിച്ചു.

അമേരിക്കയിൽ പെന്തക്കോസ്ത് കോൺഫറൻസിന്റെ സമയം മുതലെടുത്ത് വിഹരിക്കുന്നതും സമ്പാദിക്കുന്നതും കച്ചി പത്രക്കാർ. 'ഹല്ലേലുയ്യാ' പറഞ്ഞു കുട്ടിയും, 'പച്ച' മറപിടിച്ച് കുഞ്ഞും, 'സുഭാഷിതം' ചൊല്ലി മോനുമാണ് ഇവരിൽ ശ്രദ്ധേയർ. കാലങ്ങളായി അമേരിക്ക ഇവരുടെ ഇടത്താവളമാക്കിയിരിക്കുന്നു. ഇവർക്ക് സ്പോൺസർ ലെറ്റർ കൊടുക്കുന്ന കോൺഫറൻസുകാരും അറിഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുന്നതും നല്ലതാണു. ഇന്റേണൽ റവന്യൂ സർവീസിന്റെ പിടിവീഴാതെ നിങ്ങൾ നിങ്ങളെത്തന്നെ സൂക്ഷിക്കുക.

ഈ മഹാന്മാർ എല്ലാം ' കാടാറുമാസം നാടാറുമാസം' എന്ന കണക്കുവെച്ച് എല്ലാ വർഷവും ആറു മാസത്തേക്ക് അമേരിക്കൻ മലയാളി സമൂഹത്തെ പറ്റിക്കുകയാണ് ചെയുന്നത്. അമേരിക്കൻ മലയാളി പെന്തക്കോസ്തുകാർ ഇനിയും വിഡ്ഢികൾ ആകരുത്. രാത്രിയും പകലും കഠിനാദ്ധ്വാനം ചെയ്ത് ഉണ്ടാക്കുന്ന പണം ഈ കള്ളന്മാർക്ക് കൊടുത്തിട്ടു അവർ ലോകം മൊത്തം യാത്ര ചെയ്തു ആഡംബര ജീവിതം നയിക്കുന്നു. കൊടുക്കുന്ന അമേരിക്കൻ മലയാളികൾ രാപകലില്ലാതെ ജോലിയും. പേരെടുക്കാനും, ഫുൾ കളർ പേജിൽ ടൈയും കോട്ടുമിട്ട പടം വരാനും ചില നാണമില്ലാത്ത അച്ചായന്മാരാണ് ഇവരെ പ്രോത്സാഹിപ്പിക്കുന്നത്. അതുകൊണ്ടു ഈ കാലം ഈ കള്ളന്മാർക്ക് കുശാലാണ്.


ഇങ്ങനെ മേനിനടിക്കുന്നതിൽ ഭൂരിപക്ഷവും ജോലിയും വേലയും ഇല്ലാതെ ഭാര്യയെ രണ്ടിടത്തു ജോലിക്കു വിട്ട് അവർ എല്ലുമുറുക്കി ഉണ്ടാക്കുന്നതിൽ നിന്നുമാണ് കൊടുക്കുന്നത് എന്നതാണ് നഗ്നസത്യം. കളർ ഫോട്ടോ കച്ചിപത്രത്തിൽ അച്ചടിച്ചുവരാനും അതിലൂടെ മാന്യത കൈവരിക്കാനും ശ്രമിക്കുന്നവരാണ് ഈ പ്രമുഖർ. റിലീജിയസ് വിസയിലും, ജേർണലിസ്റ്റ് വിസയിലും, വിസിറ്റിങ് വിസയിലും അമേരിക്കയിൽ വരുന്ന, കുട്ടിയും, കുഞ്ഞും, മോനും അറിഞ്ഞിരിക്കുക ഇവിടെ ഒരു സീഡിയെങ്കിലും വിറ്റാൽ അതിന്റെ ടാക്സ് കൊടുക്കണമെന്ന് നിയമമുള്ളപ്പോൾ അമേരിക്കൻ ഗവർമെന്റിനെ പറ്റിച്ചു ലക്ഷങ്ങൾ ഉണ്ടാക്കി മുങ്ങുന്നു. കഴിഞ്ഞ നാളുകളിൽ കോൺഫറൻസുകളിൽ കച്ചിപത്രങ്ങളുടെ ബൂത്ത് ഇട്ട് പിരിവു നടത്തിയതിന്റെ തെളിവുകൾ വേണ്ടപ്പെട്ടവർ ഉടൻ എത്തിക്കേണ്ടിടത് എത്തിക്കും. ആഡംബരത്തിനും ടൂറിനും മാത്രമാണ് ഇവർ ഈ പണം ദുർവിനിയോഗം ചെയ്യുന്നത് എന്നും പറയപ്പെടുന്നു. അമേരിക്കയിലെ പണം ഇവരുടെ ഭാര്യമാർക്കു ആർഭാടജീവിതത്തിനു തുണയാകുന്നു. സമൂഹത്തിൽ ഇവർ അറിയപ്പെടുന്ന കോടീശ്വരന്മാർ ആയി കഴിഞ്ഞു. ചില നാളുകൾക്ക് മുമ്പ് 'ഹല്ലേലുയ്യ' പറഞ്ഞുകൊണ്ട് വീടില്ലാ, കൂടില്ലാ (ഇത് പറയുമ്പോൾ കെ.പി യോഹന്നാന് അനുകൂലമായി നിന്ന ഏക പെന്തക്കോസ്തുകാരൻ ഈ 'കുട്ടി' പത്രക്കാരൻ ആയതുകൊണ്ടും അതിന്റെ ഉപകാര സ്മരണയായി തിരുവല്ലയിൽ ഒരു ഫ്ളറ്റ് ദാനമായി കൊടുത്തു എന്നും പിന്നാമ്പുറ സംസാരം) എന്നും, പത്രത്തിനു വരിസംഖ്യാ എന്നും പറഞ്ഞു ഒരുത്തൻ 40 ലക്ഷത്തിനു മുകളിൽ (ടാക്സ് കൊടുത്തിട്ടില്ല) പിരിച്ചു.

ഈ കഴിഞ്ഞ ചില ദിവസങ്ങൾ മുമ്പ് ഒരു വിദേശ (ചണ്ടക) മലയാളി നാട്ടിൽ പോയി. തിരുവല്ലാ ഏരിയായിൽ ഒരു വീടു വാങ്ങണം എന്ന കലശലായ ആഗ്രഹം. അത് അറിഞ്ഞ മറ്റൊരു വ്യക്തി ഒരു ബ്രോക്കറെ തരപ്പെടുത്തി കൊടുത്തു. അങ്ങനെ ബ്രോക്കർ തിരുവല്ലായിൽ ഒന്നരക്കോടിക്കു (1.5 കോടി) വിൽപ്പനക്ക് ഇട്ടിരിക്കുന്ന ഒരു വീട് കാണിക്കാൻ കൊണ്ടു പോയി. കൊണ്ടു കാണിച്ചതോ നമ്മുടെ 'ഹല്ലേലുയ്യാ' മാത്രം പറയുന്ന കുട്ടിയുടെ വീട്. വിദേശ പെന്തക്കോസ്ത് മലയാളിയെ കണ്ടതും കുട്ടിയുടെ ടോൺ മാറി. കുട്ടി 'ബേബി' കളിച്ചു.

അമേരിക്കൻ മലയാളികളെ, നിങ്ങളെ വിഡ്ഢികളാക്കി കോടീശ്വരന്മാർ ആയവരെ ഇനിയെങ്കിലും തിരിച്ചറിയൂ. വിഡ്ഢികളാകാൻ ഇനിയും എന്തിനു നിങ്ങളുടെ ജീവിതം ബാക്കിയാക്കുന്നു. അമേരിക്കയിൽ കഷ്ടപ്പെട്ട് ജോലിചെയ്യുന്നവരുടെ വിഹിതം നിങ്ങൾ അനുഭവിക്കുന്നതിൽ പരാതിയില്ല, എന്നാൽ അവരെ പിഴിഞ്ഞ് കോടികളുടെ ആസ്ഥിയുണ്ടാക്കി വഞ്ചകന്മാരായി മാറരുത്. നിങ്ങളുടെ ആസ്ഥിയെടുത്താൽ അമേരിക്കൻ മലയാളികളേക്കാൾ ഇരട്ടിയാണ്. ഇത്രയും സമ്പത്തുള്ള നിങ്ങൾ എന്തിനു ഈ കള്ള പിരിവും വെട്ടിപ്പും നടത്തുന്നു. നാളുകളായി ദൈവത്തെയും, മനുഷ്യരെയും പറ്റിക്കുന്നവർ നിയമത്തിന്റെ പിടിയിൽ വീഴാതിരുന്നാൽ നന്ന്. അമേരിക്കൻ മലയാളികൾ തങ്ങളുടെ അധ്വാനത്തിന്റെ നന്മ നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുക. അർഹിക്കപെട്ടവർക്കു കൊടുക്കുക. പടയാളിക്കു ആരും കൊടുക്കുന്നതിലൊ നന്മ അനുഭവിക്കുന്നതിലോ പരാതിയില്ല. എന്നാൽ മേടിക്കുന്ന, കൊടുക്കുന്ന പണം ആവശ്യങ്ങൾക്കാണ്. ആർഭാടത്തിനും കോടികളുടെ ആസ്ഥി ബാങ്കിലുണ്ടാക്കാനുമല്ല.

നിങ്ങളുടെ സമ്പത്ത് ഇത്തരത്തിൽ മറ്റുള്ളവർ ദുർവിനിയോഗം ചെയ്യുമ്പോൾ സൂക്ഷിക്കുക... അറിയുക... നിങ്ങൾ വഞ്ചിക്കപ്പെടുകയാണ്.

# ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മറന്നവർ





**പാസ്റ്റർ എബ്രഹാം ജോൺ**, ഗുജറാത്ത്
abrahamvapi@gmail.com
Ph: 9408164323

തിരഞ്ഞെടുപ്പ് എന്ന പ്രക്രിയ ദൈവിക വ്യവസ്ഥിതിയിലും മാനുഷിക വ്യവസ്ഥിതിയിലും നമുക്ക് കാണുവാൻ കഴിയും. മനുഷ്യൻ തിരഞ്ഞെടുക്കുന്നത് പല മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായിട്ടാണ്. എന്നാൽ ദൈവിക തിരഞ്ഞെടുപ്പിൽ യാതൊരുവിധ മാനദണ്ഡങ്ങളും ഇല്ല. (1 കൊരിന്ത്യർ 1: 27-29). ഇവിടെയാണ് ദൈവികമായ തിരഞ്ഞെടുപ്പിന്റെ മഹത്വം അറിയുന്നത്. നാം എത്ര ഉയർന്നാലും നമുക്ക് പ്രശംസിപ്പാൻ ഒന്നുമില്ലായെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല യേശു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുമ്പോൾ, അവരുടെ യാതൊരുവിധത്തിലുള്ള ശ്രേഷ്ഠതയും നോക്കിയല്ല അവരെ തിരഞ്ഞെടുത്തത് എന്ന് വചനം ഓർപ്പിക്കുന്നു.

എന്നാൽ ഇന്ന് ഈ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം പലരും മറന്നുപോകാറുണ്ട്. യോഗ്യതകൾ ഒന്നും ഇല്ലാതിരുന്നിട്ടും ദൈവം തിരഞ്ഞെടുക്കയും ദൈവിക ലക്ഷ്യം പൂർത്തികരിക്കുവാൻ ആക്കിവയ്ക്കുകയും ചെയ്തിട്ട്, അങ്ങനെയുള്ളവർ ദൈവിക പദ്ധതികളെ തകിടം മറിച്ച് സ്വന്തം ഇഷ്ടത്തിനായി പ്രവർത്തിക്കുമ്പോൾ ഓർക്കുക പരാജയം ആയിരിക്കും അവരുടെ അവസാനം. ദൈവവചനത്തിൽ നിന്നും അങ്ങനെയുള്ള ചിലരെ നിങ്ങളുടെ മുമ്പിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

**1. ഏലിപുരോഹിതൻ.**
(1. ശാമുവേൽ 2:11-4:22.)

ഒരുവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് കഴിയുമ്പോൾ അവന്റെ ലക്ഷ്യം ദൈവിക ഇഷ്ടം പൂർത്തിയാക്കുക എന്നുള്ളതാണ്. തന്റെ യാതൊരുവിധ ഇഷ്ടത്തിനും അനിഷ്ടത്തിനും അവിടെ സ്ഥാനമില്ല. നമ്മുടെ കർത്താവ് പോലും സ്വന്ത ഇഷ്ടപ്രകാരമല്ല പ്രവർത്തിച്ചത്. കർത്താവു പറഞ്ഞു "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ആഹാരം". ഏലി ഒരു പുരോഹിതനും ന്യായധിപനും ആയിരുന്നു. എന്നാൽ അവന്റെ അവസാനം ഒരു പരാജയം ആയിരുന്നു എന്ന് ബൈബിളിൽ നിന്നും കാണുവാൻ കഴിയും. അവൻ പരാജയപ്പെടുവാൻ കാരണം, താൻ എന്തിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടു എന്ന് മറന്നുപോകുകയും തന്നെ ഏൽപ്പിച്ച ശുശ്രൂഷ ദൈവഭയവും ഉത്തരവാദിത്തവുമില്ലാത്ത തന്റെ മക്കളെ എല്പ്പിക്കുകയും, ദർശ്ശനമില്ലാത്ത മക്കൾ ദൈവത്തെ നിന്ദിക്കുന്നവർ ആയിത്തിരുകയും ചെയ്തു എന്നുള്ളതാണ്. ഏലി പുരോഹിതൻ തന്റെ മക്കളുടെ നിന്ദ്യമായ പ്രവർത്തികൾ കേട്ടിട്ടും, കണ്ടിട്ടും തന്റെ പുത്രന്മാരെ ദൈവത്തെക്കാൾ ബഹുമാനിച്ചു. അവരെ ശാസിച്ച് അമർച്ച ചെയ്തില്ല. മാത്രമല്ല ദൈവത്തിനു ജനം അർപ്പിക്കുന്ന യാഗത്തിന്റെ പ്രധാന ഭാഗം കൊണ്ട് തങ്ങളെ തന്നെ കൊഴുപ്പിക്കുകയും യാഗവും വഴിപ്പാടും ചവിട്ടി കളയുകയും ചെയ്തു. കർത്താവു ഒരു ദൈവപുരുഷനെ അയച്ച് അവന്റെ തിരഞ്ഞെടുപ്പിനെ ഓർമിപ്പിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(1 ശാമുവേൽ 2:22-30).

ദൈവിക നന്മകൾ അനുഭവിച്ചു ദൈവത്ത് മഹ്ത്വപ്പെടുത്തുന്നതിനു പകരം അവനെ നിന്ദിക്കുന്ന പ്രവർത്തി യാണ് ഏലിയുടെ കുടുംബത്തിൽ നിന്നും ഉണ്ടായത്. തങ്ങളുടെ സ്വയം തൃപ്തിക്കായി ദൈവത്തെ ഉപയോഗിക്കുന്നവർക്ക് ഏലിയും കുടുംബവും ഒരു പാഠമാണ്. ദൈവത്തിനു വേണ്ടി നില്ക്കുവാൻ ഒരു തലമുറ പോലും ശേഷിക്കാതെ ആ കുടുംബം നശിച്ചുപോയി. ദൈവത്തിനു ദൈവിക കാര്യങ്ങൾക്കും നാം ഒന്നാം സ്ഥാനം കൊടുത്താൽ ദൈവം നമ്മെ നിശ്ചയമായും അനുഗ്രഹിക്കും.

**2. ശലോമോൻ രാജാവ്.**

(1 രാജാക്കന്മാർ 2:11-11-43.)

പഴയ നിയമ കാലത്ത് ദൈവം ആയിരുന്നു രാജാക്കന്മാരെ തിരഞ്ഞെടുത്തിരുന്നത്, അങ്ങനെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുകയും, ദൈവത്തിന്റെ ജ്ഞാനവും ബുദ്ധിയും അളവില്ലാതെ പ്രാപിക്കയും ചെയ്ത വ്യക്തിയായിരുന്നു ശലോമോൻ. ലോകത്തിൽ ശലോമോനെ പോലെ ജ്ഞാനിയായ ഒരുവ്യക്തിയും ഉണ്ടായിട്ടില്ല ഇനിയും ഉണ്ടാകുകയുമില്ല. എന്നാൽ ജ്ഞാനിയായവന്റെ ജിവിതം ദൈവത്തെ വിട്ടുമാറിയപ്പോൾ അവസാനം വലിയ പരാജയമായിത്തീർന്നു, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മറക്കുകയും തനിക്കു രണ്ട് പ്രാവശ്യം പ്രത്യക്ഷനായ ദൈവത്തെ വിട്ടു തന്റെ ഹൃദയം അന്യദേവന്മാരെ സേവിപ്പാനായി അവൻ തിരിക്കുകയും ചെയ്തു. (രാജാക്കന്മാർ 11:11). ശലോമോന്റെ ആരംഭം വളരെ മികച്ചതായിരുന്നു എന്നാൽ അവസാനം അവൻ ലക്ഷ്യത്തിൽ എത്തിച്ചേർന്നിവല്ല. അനേകരുടെയും ആരംഭം നല്ലതും അവസാനം വളരെ പരാജയവും ആയിത്തിരുന്നു കാരണം ലക്ഷ്യം നഷ്ടപ്പെടുന്നതാണ്. ശലോമോനെ പ്പോലെ ധനവും, സമ്പത്തും, മഹത്വവും ഉള്ള ഒരു രാജാക്കന്മാരും ഇല്ലായിരുന്നു. എങ്കിലും ഒരു രാജാവ് എങ്ങനെ ആയിരിക്കേണം എന്നുള്ള ദൈവത്തിന്റെ ഉപദേശം അവൻ പാലിച്ചില്ല. (ആവർത്തനം 17:14 -20) വരെയുള്ള വാക്യങ്ങളിൽ ആ ഉപദേശം നമുക്ക് കാണുവാൻ കഴിയും. അവനു കുതിര അനവധി ഉണ്ടാകരുത്, അനേകം ഭാര്യമാരെ അവൻ പരിഗ്രഹിക്കരുത്, വെള്ളിയും പൊന്നും അനവധിയായി സമ്പാദിക്കാരുത്, ന്യായപ്രമാണത്തിന്റെ ഒരു പകര്പ്പ് സ്വന്തം കൈവശം ഉണ്ടായിരിക്കണം അത് തുടർച്ചയായി വായിച്ചു കൊണ്ടിരിക്കണം. ഈ നിബന്ധനകൾ ഒന്നും തന്നെ ശലോമോൻ പാലിച്ചില്ല. ഇന്ന് അനേകം ദൈവദാസന്മാരും ദൈവമക്കളും പരാജയപ്പെടുവാൻ കാരണം ദൈവം കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിക്കാത്തതിനാലാണ്. ഓരോ വിശ്വാസിയും ഓരോ ദൈവദാസന്മാരും പാലിക്കേണ്ട നിബന്ധനകൾ വ്യക്തമായി ബൈബിളിൽ കാണുവാൻ കഴിയും. അതൊന്നും ഇന്ന് പാലിക്കപ്പെടുന്നില്ല.

ശലോമോന്റെ പരാജയത്തിന്റെ മറ്റൊരു കാരണം ദൈവം ഏറ്റവും വെറുക്കുന്ന അന്യജാതിക്കാർ ആയ സ്ത്രികളെ വിവാഹം കഴിച്ചു എന്നുള്ളതാണ്. നിങ്ങൾ അന്യജാതിക്കാരുമായി വിവാഹത്തിൽ ഏർപ്പെടരുത് എന്നുള്ള ദൈവിക നിയമം അവൻ കാറ്റിൽപ്പറത്തി. ഒരിക്കൽ താന്റെ പിതാകന്മാർ അടിമകളായിരിക്കുകയും ദൈവം അവരെ വിടുവിക്കായും ചെയ്ത മിസ്രയീമ്യരുമായി വീണ്ടും ചങ്ങാത്തം കൂടുവാൻ അവൻ പോകുകയും അവിടുത്തെ രാജാവിന്റെ മകളെ വിവാഹം കഴിക്കയും ചെയ്തു. നാം വിട്ടതിലേക്ക് വീണ്ടും പോകുകയും ആ മാലിന്യത്തിൽ വീഴുകയും ചെയ്താൽ ഓർക്കുക മടങ്ങിവരാൻ കഴിയാത്ത വലിയ

പരാജയത്തിലേക്കാണ് നാം പോകുന്നത്. അതാണ് ശലോമോന്റെ ജിവിതം നമ്മെ പഠിപ്പിക്കുന്നത്. തന്റെ തിരഞ്ഞെടുപ്പും വിളിയും മറന്ന് ലോകസുഖങ്ങളിലേക്ക് അവൻ വീണുപോയി.

**3. ദേമാസ്** - പൌലോസിന്റെ കൂട്ടുവേലക്കാരൻ.

ലോകസ്നേഹം ഉള്ളിൽ വന്നപ്പോൾ തന്റെ തിരഞ്ഞെടുപ്പ് മറന്നു പോയ വക്തിയാണ് ദേമാസ്. 'ലോക സ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്ന് നാം വായിക്കുന്നു. യോഹന്നാൻ തന്റെ ഒന്നാം ലേഖനം എഴുതുമ്പോൾ കുഞ്ഞുങ്ങൾക്കും, ബാല്യക്കാർക്കും, പിതാകന്മാര്ക്കും ഉള്ള ഉപദേശമായി എഴുതുന്നത് 'ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് (1 യോഹ. 2:15). യോഹന്നാൻ നമ്മെ ഉപദേശിക്കുന്നത് ഏതു പ്രായത്തിലുള്ളവരും വീണുപോകുവാൻ സാധ്യത ഉള്ള വലിയ വിപത്താണ് ലോകസ്നേഹം. ലോകത്തിന്റെ മക്കളെക്കാൾ ദൈവമക്കൾ ഇന്ന് ലോകത്ത് സ്നേഹിക്കുന്നു എന്ന് പറയാതിരിക്കാൻ കഴിയുകയില്ല.

യവ്വനക്കാരനായ ദേമാസ് ലോകസ്നേഹത്തിൽ വീണുപോയി എന്ന് പൗലോസ് ദുഖത്തോടെ രേഖപ്പെടുത്തിയിരിക്കുന്നു. ദേമാസ് പൗലോസിന്റെ കൂട്ടുവേലക്കാരൻ ആയിരുന്നു. ഫിലോമോൻ 1:24, കൊലൊസ്സ്യർ 4:14. ഈ വേദഭാഗങ്ങളിൽ പൗലോസിനൊപ്പം നില്ക്കുന്ന ദേമാസിനെ കാണുവാൻ കഴിയും. എന്നാൽ പൗലോസിന്റെ അവസാന നാളുകളിലേക്ക് എത്തുമ്പോൾ ദേമാസ് ഈ ലോകത്ത് സ്നേഹിച്ച് തന്നെ വിട്ടു തെസ്സലൊനീക്യയിലേക്ക് പോയി എന്ന് തിമോത്തിയോസിനെഴുതിയ ലേഖനത്തിൽ കാണുന്നു (2 തിമോത്തി 4:10). പൗലോസിന്റെ ബന്ധനങ്ങളും കഷ്ട്ടതകളും ചങ്ങലയും കണ്ടപ്പോൾ അവൻ ഓർത്തുക്കാണും. ഞാൻ ഈ കഷ്ട്ടത എന്തിനു അനുഭവിക്കേണം ഇതിലും നല്ലത് ഈ ലോക സുഖമാണ്. നാമ്മും അൽപ്പം സുഖത്തിനു വേണ്ടി ദൈവത്തെ മറന്നു, നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഓർക്കാതെ മുൻപോട്ടു പോയാൽ നാം നഷ്ടപ്പെടുത്തുന്നത് നിത്യതയാണ്.

ലോകത്തെ സ്നേഹിക്കുന്നവർക്ക് മറ്റുള്ളവരെ സ്നേഹിക്കുവാൻ ഒരിക്കലും കഴിയുകയില്ല, എന്തുകൊണ്ടെന്നാൻ, ലോകത്തെ സ്നേഹിക്കുന്നവർക്ക് സ്വർഗ്ഗീയ പിതാവിന്റെ സ്നേഹമില്ല.

**4.യൂദാ** -ക്രിസ്തുവിന്റെ ശിഷ്യൻ.

സാമ്പത്തിന്റെ പിന്നാലെ പോകുന്നവൻ എത്ര പെട്ടന്നുതന്നെ നശിച്ചു പോകും എന്നുള്ളതിന് ഉത്തമ ഉദാഹരണം ആണ് യൂദാ. എപ്പോഴും പണത്തെകുറിച്ചുള്ള ആർത്തി അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. രാത്രി മുഴുവൻ പ്രാർത്ഥിച്ചതിനു ശേഷം തിരഞ്ഞെടുത്ത കർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവൻ പണത്തെ തട്ടി വീണുപോയി. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും ഒരുമിച്ച് സ്നേഹിപ്പാൻ കഴിയുകയില്ല എന്നുള്ള കർത്താവിന്റെ വചനം കേട്ട യൂദാ മമോനെ സ്നേഹിക്കുന്നത് തിരഞ്ഞെടുത്തു. ദൈവം തന്റെ വേലക്ക് തിരഞ്ഞെടുത്തവൻ മറ്റൊരു തിരഞ്ഞെടുപ്പ് നടത്തി. ദൈവം തന്റെ വേലക്ക് വിളിച്ചിട്ട് ഇത് ആദായ സൂത്രമായി കാണുന്നവർ ഓർക്കുക യൂദായേപ്പോലെ നിങ്ങളും കുറ്റക്കാരാണ്. (1 തിമോത്തി 6: 9,10). തുടർന്നുള്ള വാക്യങ്ങളിൽ പൗലോസ് നമുക്ക് നൽകുന്ന ഉപദേശം നാം ദൈവത്തിന്റെ മനുഷ്യനാണെങ്കിൽ ദ്രവ്യാഗ്രഹം വിട്ട് ഓടേണം ഇല്ലായെങ്കിൽ നാം ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീരുമെന്നാണ്.

യതൊരു യോഗ്യതയും ഇല്ലാതിരുന്നിട്ടും ദൈവം നമ്മെ തിരഞ്ഞെടുത്തു. ഇന്ന് നാം എങ്ങനെ ആയിരിക്കുന്നു. ദൈവത്തെക്കാൾ മക്കളെ സ്നേഹിച്ച ഏലിയെ പോലെയും, എല്ലാം ഉണ്ടായിട്ടും തനിക്ക് പ്രത്യക്ഷനായ ദൈവത്ത് മറന്നു അന്യദൈവങ്ങളുടെ പിന്നാലെ പോയ ശലോമോനെ പോലെയും, ലോക സുഖത്തിന്റെ പിന്നാലെ പോയ ദേമാസിനെ പോലെയും, പണത്തിനു വേണ്ടി സ്വന്തം ഗുരുവിനെ ഒറ്റികൊടുത്ത യൂദായെ പോലെയും ആയിത്തിരാതെ അന്ത്യത്തോളം തന്റെ തിരഞ്ഞെടുപ്പിൽ ഉറച്ചു നിന്ന പൗലോസിനെ പോലെ നമുക്കും അവസാനത്തോളം നമ്മുടെ തിരഞ്ഞെടുപ്പിൽ ഉറച്ചു നിൽക്കാം..

# അമേരിക്കൻ മലയാളി ആത്മീയസംഗമത്തിനായി ഒഹായോ ഒരുങ്ങി


PR. TOMMY JOSEPH NATIONAL CONVENER
BRO. JAMES ABRAHAM NATIONAL SECRETARY
BRO. ZACH CHARIAN NATIONAL TREASURER
Bro. Joshin Daniel, Youth Convener
Dr. Reny Joseph, Ladies Coordinator
Sis. Minnie John, Children's Coordinator

**ഒഹായോ:** ജൂൺ 29 മുതൽ ജൂലൈ 2 വരെ കൊളംബസ് ഒഹായോയിലെ ഹയാത്ത് റീജൻസി ഹോട്ടൽ ഗ്രേറ്റർ കൊളമ്പസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന 35-ാമത് പെന്തെക്കോസ്തൽ കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായി.

മുഖ്യപ്രസംഗകരെ കൂടാതെ കേരളത്തിൽ നിന്നും അതിഥികളായി എത്തുന്ന പ്രശസ്ത പ്രസംഗകർ കോൺഫറൻസിൽ വചനശുശ്രൂഷ നിർവ്വഹിക്കും.

മുഖ്യ പ്രസംഗകരായ റവ. പാറ്റ് ഷാറ്റ്സലീൻ, റവ. ലാഫായത്ത് സ്കെയിൽ, റവ. ഫിൽ വിക്കാം, ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഏറ്റവും ശ്രദ്ധേയരും പ്രമുഖ കൺവൻഷൻ പ്രസംഗകരുമായ പാസ്റ്റർ വി.ജെ. തോമസ്, ഇവ. പി.റ്റി തോമസ്, ചർച്ച് ഓഫ് ഗോഡിലെ പ്രമുഖ പ്രസംഗകനും മലയാളി പെന്തെക്കോസ്ത് വിശ്വാസികൾക്ക് സുപരിചിതനുമായ കാനം അച്ചൻ, സെൻട്രൽ വെസ്റ്റ് ഓവർസിയർ പാസ്റ്റർ ബെൻസൺ മത്തായി, അസംബ്ലിസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റിന്റെ സൂപ്രണ്ടും അനുഗ്രഹീത പ്രസംഗകനുമായ പാസ്റ്റർ വി.റ്റി. ഏബ്രഹാം, പാസ്റ്റർ അനിഷ് ഏലപ്പാറ, പാസ്റ്റർ ഒ. എം. രാജുകുട്ടി, ഡോ. മാത്യു ജോർജ്ജ്, പാസ്റ്റർ എം. എ. ജോൺ എന്നിവരെ കൂടാതെ അമേരിക്കയിലെ വിവിധ സഭകളിൽ ശുശ്രൂഷിക്കുന്ന പ്രമുഖരായ കൺവൻഷൻ പ്രസംഗകരും കോൺഫറൻസിന്റെ വിവിധ സെക്ഷനുകളിൽ ശുശ്രൂഷിക്കും.

കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ വിവിധ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. അമേരിക്കയിലെ വിവിധ സഭകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാഷണൽ ക്വയറിന്റെ രൂപീകരണവും നടന്നു.

നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ സമ്മേളനമായ പിസിനാക്കിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദൈവദാസന്മാരും വിശ്വാസികളും പങ്കെടുക്കും.

പാസ്റ്റർ ടോമി ജോസഫ് (നാഷണൽ കൺവീനർ), ജെയിംസ് ഏബ്രഹാം (നാഷണൽ സെക്രട്ടറി), സാക്ക് ചെറിയാൻ (നാഷണൽ ട്രഷറാർ), ജോഷിൻ ഡാനിയേൽ (യൂത്ത് കോർഡിനേറ്റർ), ഡോ. റെനി ജോസഫ് (ലേഡീസ് കോർഡിനേറ്റർ), രാജൻ ആര്യപ്പള്ളിൽ (മീഡിയ/പബ്ലിസിറ്റി കോർഡിനേറ്റർ) എന്നിവരാണ് ഈ വർഷത്തെ സമ്മേളനത്തിന് നേതൃത്വം നൽകുന്നത്.

# സൗത്ത് ഫ്ളോറിഡയിൽ വെക്കേഷൻ ബൈബിൾ സ്കൂൾ

**ഫ്ളോറിഡാ:** വിവിധ സഭകളുടെ സഹകരണത്തോടെ എല്ലാവർഷവും നടത്തിവരുന്ന 21 മത് വെക്കേഷൻ ബൈബിൾ സ്കൂൾ ജൂൺ 19 തിങ്കൾ മുതൽ 24 ശനി വരെ സൗത്ത് ഫ്ളോറിഡാ സൺറൈസ് ഐപിസി സഭയിൽ നടക്കും.

തീം അവതരണം, ബൈബിൾ ഗെയിംസ്, പുതിയ വിബിഎസ് പാട്ടുകളുടെ പരിശീലനം, ബൈബിൾ പരിചയം എന്നിവയുണ്ടായിരിക്കും. മുതിർന്നവർക്കായി പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ) ക്ലാസ്സെടുക്കും. സമാപനദിവസം ജൂൺ 24 ശനിയാഴ്ച വൈകിട്ട് 6.30ന് വിബിഎസ് സെലിബ്രഷന്റെ ഭാഗമായി വിവിധ പ്രോഗ്രാമുകളുടെ പ്രദർശനം ഉണ്ടായിരിക്കുമെന്ന് വിബിഎസ് ഡയറക്ടർ ട്രിഷാ എബ്രഹാം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡാ), പാസ്റ്റർ ജോൺ തോമസ് എന്നിവരെ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www. ipcsouthflorida.org

# ലണ്ടനിലെ ഫ്ളാറ്റിൽ വൻതീപ്പിടിത്തം; 12 മരണം



**ലണ്ടൻ:** ബ്രിട്ടനിൽ, പടിഞ്ഞാറൻ ലണ്ടനിലെ ഇരുപത്തിയേഴ് നിലകളുള്ള അപ്പോർട്ട്മെന്റ് സമുച്ചയത്തിൽ ബുധനാഴ്ച ഉണ്ടായ വൻ തീപിടുത്തത്തിൽ 12 പേർ മരിച്ചു. എഴുപതിലധികം പേർക്ക് പരിക്കേറ്റു. ഇരുപതോളം പേരുടെ നില അതീവ ഗുരുതരമാണ്. നിരവധിപേരെ കാണാതായിട്ടുണ്ട്. മരണസംഖ്യ ഇനിയും ഉയരുമെന്നാണ് സൂചന. ലണ്ടന്റെ സമീപ ചരിത്രത്തിലെ ഏറ്റവും വലിയ തീപിടുത്തമാണിത്.

ലങ്കാസ്റ്റർ വെസ്റ്റ് എസ്റ്റേറ്റിലെ അപ്പാർട്ട്മെന്റ് സമുച്ചയമായ ഗ്രെൻഫെൽ ടവറിലാണ് തീപിടുത്തമുണ്ടായത്. രണ്ടാം നിലയിലെ ഒരു അപ്പാർട്ട്മെന്റി?ലെ ഫ്രിഡ്ജ് പൊട്ടിത്തെറിച്ചതാണ് തീപിടിത്തത്തിന് കാരണമെന്ന് റിപ്പോർട്ടുണ്ട്.

40 ഫയർ എൻജിനുകളും 200 അഗ്നിശമന സേനക്കാരും രക്ഷാപ്രവർത്തനം നടത്തി

പൂർണമായും അഗ്നിക്കിരയായതിനാൽ കെട്ടിടം തകർന്നുവീഴാൻ സാധ്യതയുണ്ട്. അതിനാൽ തൊട്ടടുത്ത കെട്ടിടത്തിൽ നിന്നും ആളുകളെ സുരക്ഷാർഥം ഒഴിപ്പിച്ചിട്ടുണ്ട്.

# അസംബ്ലീസ് ഓഫ് ഗോഡ് മധ്യമേഖല സൺഡേസ്ക്കൂൾ പ്രവൃത്തന ഉദ്ഘാടനം

**തിരുവല്ല:** ഏ.ജി മദ്ധ്യമേഖല സൺഡേസ്ക്കൂളിന്റെ 2017-19 വർഷത്തെ പ്രവർത്തന ഉദ്ഘാടനം മെയ് 25 വ്യാഴാഴ്ച തിരുവല്ല ടൗൺ ഏ.ജി സഭയിൽ വച്ച് നടന്നു.


മദ്ധ്യമേഖല സൺഡേസ്ക്കൂൾ കൺവീനർ പാസ്റ്റർ രാജീവ് ജോൺ പൂഴനാട് അദ്ധ്യക്ഷനായിരുന്നു. മദ്ധ്യമേഖല ഡയറക്ടർ റവ.ടി.വി.പൗലോസ് മുഖ്യസന്ദേശം നൽകി ഡിസ്ട്രിക്ട് സൺഡേ സ്ക്കൂൾ ഡയറക്ടർ സുനിൽ പി. 'നയപ്രഖ്യാപനം' പ്രകാശനം ചെയ്തു.

ഡിസ്ട്രിക്ട് എക്സ്. കമ്മറ്റി മെമ്പർ റവ. എം.എ ഫിലിപ്പ് പ്രവർത്തന ഉദ്ഘാടനവും നിയോഗ പ്രാർത്ഥനയും നിർവഹിച്ചു. അടുത്ത രണ്ടുവർഷം ചെയ്യുവാനുള്ള കർമ്മപദ്ധതിയെക്കുറിച്ചുള്ള നയപ്രഖ്യാപനം മേഖല കവീനർ നടത്തി.

പാസ്റ്റർ സജിമോൻ ബേബി നയപ്രഖ്യാപന വിളംബര പ്രാർത്ഥന നടത്തി. ജോജി ഐപ്പ് മാത്യൂസ്, സാലു വർഗ്ഗീസ്, പാസ്റ്റർ ലിബിൻ കെ.എം., ബിജു ഈപ്പൻ, പാസ്റ്റർ സാമുവേൽ പി.എം., പാസ്റ്റർ ജെറിൽ, സജി ചെക്കൂർ, പാസ്റ്റർ സാജൻ സാമുവേൽ, പാസ്റ്റർ പി.ഐ മാത്യു, പാസ്റ്റർ ജോൺ ഏബ്രഹാം, പാസ്റ്റർ സാം.ടി.മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. സെക്രട്ടറി ജോർജ്ജ് കുട്ടി സ്വാഗതവും ട്രഷറാർ പാസ്റ്റർ സോളമൻ.എം. നന്ദിയും അറിയിച്ചു.

## മഹത്വത്തിൽ

### റവ. സി ടി തോമസ്



കർണാടക, ബെൽഗാം ഫുൾ ഗോസ്പേൽ അസ്സംബ്ലി ചർച്ചിലെ ശുശ്രൂഷകൻ ആയിരുന്ന റവറന്റ് സി ടി തോമസ് ജൂൺ മാസം ഒൻപതാം തീയതി താൻ പ്രിയം വെച്ച കഷത്രുസന്നിധിയിൽ ചേർക്കപ്പെട്ടു.

സദാശിവ നഗർ ചർച്ചിൽ പൊതുദർശനത്തിനു ശേഷം കരാവർ ജില്ലയിലെ മുന്ടങ്ങോട് അരിശനങ്ങേരി യിൽ വെച്ച് നടന്നു.

### കെസിയ രാജു




ആലപ്പുഴ ഐപിസി എബനേസർ സഭാംഗം മുനിസിപ്പൽ ക്വോട്ടേഴ്സിൽ കെസിയ രാജു (23) ഹൃദയാഘാതം മൂലം മരിച്ചു.

സംസ്കാരം ജൂൺ 8ന് ആലപ്പുഴ പെന്തെക്കോസ്ത സെമിത്തേരിയിൽ. സൺഡേ സ്കൂൾ പിവൈപിഎ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു കെസിയ.

പിതാവ് പരേതനായ രാജു, മാതാവ് ലിസി, സഹോദരൻ ഷിജു.

### റെജി ജോസഫ്



തിരുവല്ല : നെല്ലാട് വലിയ പറമ്പിൽ വീട്ടിൽ റെജി ജോസഫ് (52) ഒക്കലഹോമയിൽ നിര്യാതനായി. ഒക്കലഹോമ ഹെബ്രോൻ ഐ.പി.സി യിൽ ഭൗതീക ശരീരം പൊതുദർശനത്തിനു വച്ചതിനു ശേഷം സംസ്കാരം നടന്നു

ഭാര്യ:സാലി. മക്കൾ: ജെർമി, ഫേബ. ഒക്കലഹോമ ഹെബ്രോൻ ഐ. പി. സി. സഭാംഗമായിരുന്നു പരേതൻ.

### എലിസബത്ത് ഏബ്രഹാം



**തിരുവല്ല:** യുണൈറ്റഡ് ചർച്ച് ഓഫ് ഇന്ത്യ സ്ഥാപക പ്രസിഡന്റും നവീകരണം മാസിക ചീഫ് എഡിറ്ററുമായ പനച്ചമൂട്ടിൽ ബിഷപ്പ് റവ. സണ്ണി ഏബ്രഹാമിന്റെ ഭാര്യ സുവാർത്താഭവൻ മാനേജിംഗ് ഡയറക്ടർ എലിസബത്ത് ഏബ്രഹാം (റൂബി-53) നിര്യാതയായി. ഭൗതീക ശരീരം തിരുവല്ല വി.ജി.എം ഹാളിൽ പൊതുദർശനത്തിനു വച്ച ശേഷം സംസ്കാരം മൂന്നിന് തിരുവല്ല എസ്സിഎസ് സെന്റ് തോമസ് മാർത്തോമ്മ പള്ളിയിൽ ജോസഫ് മാർ ബർന്നബാസിന്റെ കാർമ്മികത്വത്തിൽ നടന്നു. വടശേരിക്കര മാമ്മൂട്ടിൽ തെക്കേതിൽ റ്റി.ഇ.വർഗീസിന്റെ (കുമ്പനാട് കുടുംബാംഗം, മുംബൈ) മകളാണ്. മക്കൾ: ഇവാഞ്ചിലിൻ ഏബ്രഹാം, തിമോത്തി ഏബ്രഹാം.

# സൺഡേ സ്കൂൾ ഭാരവാഹികൾ

**പത്തനംതിട്ട:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട സെന്റർ സൺഡേ സ്കൂൾ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പാസ്റ്റർ പി എ ചാക്കോച്ചൻ (പ്രസിഡന്റ്), പാസ്റ്റർ കെ പി ഡാനിയേൽ, പാസ്റ്റർ ഐസക്. റ്റി. ജോർജ്ജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ റെജി. പി ശാമുവേൽ (സെക്രട്ടറി), ജോമോൻ എം ജെ (ജോയിന്റ് സെക്രട്ടറി), മോളികുട്ടി ജോൺസൻ (ട്രഷറർ), പാസ്റ്റർ സുരേന്ദ്രൻ, പാസ്റ്റർ രാജേഷ് ചാക്കോ, മാത്യു കെ പീറ്റർ, പ്രിസ്കില്ല ജോൺ (കമ്മിറ്റി അംഗങ്ങൾ) എന്നിവരെയാണ് തെരഞ്ഞെടുത്തത്.

# സാൻഫ്രാൻസിസ്കോയിൽ വെടിവയ്പ്; അഞ്ചു മരണം




കാലിഫോർണിയ: സാൻഫ്രാൻസിസ്കോയിലെ യുണൈറ്റഡ് പാഴ്സൽ സർവീസ് സെൻററിലുണ്ടായ വെടിവയ്പിൽ അഞ്ചു പേർ കൊല്ലപ്പെട്ടു. ബുധനാഴ്ച പുലർച്ചെ പോട്രിറോ ഹില്ലിന് സമീപമായിരുന്നു സംഭവം.

വെടിവയ്പിനു ശേഷം അക്രമി സ്വയം വെടിയുതിർത്ത് ജീവനൊടുക്കിയതായാണ് വിവരം. യുണൈറ്റഡ് പാഴ്സൽ സർവീസിലെ ജീവനക്കാർക്കു നേരെയാണ് വെടിവയ്പുണ്ടായത്.

# ടോറോണ്ടോ ഐആർസിയിലെ ഇടയൻ റ്റിജോയെ അനുകൂലിക്കുന്നതിന്റെ പിന്നിലെ അജണ്ട എന്ത്




**കാനഡാ:** ടോറോണ്ട ഇന്റർ നാഷണൽ റിവൈവൽ (ഐആർസി)യിലെ ഇടയന്റെ ഒത്താശയോടെ കള്ളപ്രവാചകൻ റ്റിജോ തോമസിനു ജൂലൈ 8,9 തീയതികളിൽ പ്രവചനത്തിന്റെ മാസ്മരികതക്കും തട്ടിപ്പിനും വഴിയൊരുക്കുന്നു

റ്റിജൊയിലെ വ്യാജ പ്രവചനാത്മാവിന്റെ അടുത്ത നാടകം ടോറോണ്ടയിൽ ആണെന്നുള്ളത് ദുഖകരം ആണ്. ഇവിടെ ഇറക്കാൻ ഡോളർ മുടക്കുന്നത് അങ്ങു കുവൈറ്റിൽ പേരുകേട്ട തട്ടിപ്പുകാരൻ എന്ന് വിശ്വാസ സമൂഹം പറയുന്നു. ജിജു കോശി (ഇദ്ദേഹവും കുടുംബവും ഐആർസിയിലെ അംഗങ്ങൾ ആണ്, മത്രമല്ല കാനഡയിലെ ടോറോണ്ടയിൽ ഉള്ള ലോഗോസിന്റെ സ്വന്തം മുതലാളി. ബാബു പോൾ, ഐപിസി ജനറൽ ട്രഷററിന്റെ സ്വന്തം ജേഷ്ടൻ. ഇപ്പോൾ എല്ലാം പകൽ പോലെ സത്യം. പണ്ട് അങ്ങ് ദുബായിൽ ക്രെഡിറ്റ് കാർഡ് ഫ്രോഡ് നടത്തി അവിടെ നിന്നും മുങ്ങിയ മഹാൻ എന്ന് ദുബായി വൃന്ദങ്ങൾ പറയുന്നു. എന്തായാലും ഇനി ദുബായിൽ കാലുകുത്താൻ കഴിയില്ല എന്നാണ് അറിവ്. ഇദ്ദേഹം ഐആർസിയിലെ വിശ്വാസിയും ഈ വ്യാജനെ ഇറക്കുന്നതിന്റെ സ്പോൺസറും. മാത്രമല്ല, ഈ കള്ളന്റെ പ്രോഗ്രാം നടത്തുന്ന ബിൽഡിങ്ങിന് ഐആർസിയുടെ വക ഇൻഷുറൻസും, പ്രോഗ്രാമിനു പാടാൻ ഐആർസി സ്പെഷ്യൽ ക്വയറും. എന്ന് വേണ്ട എല്ലാം എല്ലാം. ഉമ്മ വീരനും ഡോളർ കണ്ടാൽ കവിണ്ണു വീഴുന്ന ഇടയന് അടൂർ റ്റിജോ കള്ളൻ ആണെന്ന് നന്നായി അറിയാമായിരിക്കെ ഇത്തരക്കാരെ ഇറക്കുന്നതിന്റെ പിന്നിലെ അജണ്ട എന്ത്? എന്തിനു ഈ കള്ളനെ ഇറക്കാൻ കൂട്ട് നിൽക്കുന്നു? ഈ വ്യാജനെ ഇറക്കാൻ മൗനാനുവാദം നൽകി മാന്യതയുടെ വേഷം ധരിച്ചു ദൈവജനത്തെ ചതിക്കുകയല്ലേ ഈ ഇടയൻ ചെയ്യുന്നത്? ഇദ്ദേഹവും റ്റിജോയുടെ ഗണത്തിലോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇനിയും ചിന്തിക്കു ഈ മുഖലക്ഷണക്കാരനെ ടോറോണ്ടയിൽ ഇറക്കുന്നതിൽ ഐആർസിക്ക് പങ്കില്ലേ?

ഇവൻ വന്നുപോയാൽ താമസിയാതെ ഐആർ സിയുടെ ഗതി എന്താകും എന്ന് കണ്ടറിയാം

# സുവിശേഷികരണത്തിൽ യുവജനപ്രസ്ഥാനങ്ങളുടെ പങ്കു

2 കൃങ്ങളും, പ്രചോദനം നൽകുന്ന ആത്മീയ ചിന്തകളും, അനുഭവസാക്ഷ്യങ്ങളും ഒക്കെ ഷെയർ ചെയ്യുന്നതും സുവിശേഷീകരണത്തിന്റെ ഒരു ചെറിയ ഭാഗം ആയി നമുക്ക് കണക്കാക്കാം.

**യേശു ചെയ്തതും ഇന്നത്തെ ശുശ്രൂഷയും തമ്മിലുള്ള വ്യത്യാസം:**


തന്നെ അയച്ചവന്റെ ഇഷ്ടം പൂർണ്ണമായി നിറവേറണമെന്നും ഏൽപ്പിച്ച ശുശ്രൂഷ തികയ്ക്കണമെന്നും യേശു ആഗ്രഹിക്കുകയും അത് പൂർണ്ണമായി നിറവേറ്റുകയും ചെയ്തു. എന്നാൽ ഇന്ന് പിതാവിന്റെ ഇഷ്ടമല്ല. സ്വന്ത ഇഷ്ടവും സ്വന്തം സുവിശേഷവും വളർന്നുകൊണ്ടിരിക്കുന്നു. യേശു പിതാവിനെ പ്രസാദിപ്പിക്കുന്നു. എന്നാൽ ഇന്ന് പലരും സുവിശേഷത്തിന്റെ പേരും പറഞ്ഞ് മാനുഷിക പ്രസാദത്തിനായി പലതും കാട്ടികൂട്ടുന്നു. ദൈവത്തിന്റെ നാമം എങ്ങും മഹത്വപ്പെടുന്നുമില്ല താനും.

യേശു വ്യക്തിപരമായും വീടുകളും പട്ടണങ്ങളും ഗ്രാമങ്ങൾ തോറും സുവിശേഷം അറിയിച്ച് പോന്നിരുന്നു. എന്നാൽ ഇന്നത്തെ പല സുവിശേഷകർക്കും അത് താല്പര്യമില്ല. ഫ്ളക്സുകളിൽ തന്റെ പടം വരത്തക്ക വിധമുള്ള കൺവെൻഷനുകളിലും മെഗാ ക്രൂസേഡുകളിലും ഒക്കെ പ്രസംഗിക്കാനാണ് താൽപര്യം.

യേശു തന്റെ ശുശ്രൂഷയ്ക്ക് ഒരു കാലപരിധിയുണ്ടെന്നും അത് തീരുമ്പോൾ താൻ പിതാവിന്റെ സന്നിധിയിലേക്ക് പോകുമെന്ന് ഗ്രഹിച്ചിട്ട് ശുശ്രൂഷയ്ക്കായി ഒരു ശിഷ്യഗണത്തെ വാർത്തെടുത്തിരുന്നു. എന്നാൽ ഇന്നത്തെ സുവിശേഷകർ എന്ന് അഭിമാനിക്കുന്നവർ ആരെങ്കിലും തങ്ങളേക്കാൾ തല ഉയർത്തിയാൽ എതുവിധേനയും തങ്ങളുടെ പ്രശസ്തിക്ക് കോട്ടം വരാതിരിക്കുവാൻ സുവിശേഷം മാറ്റിനിർത്തി മറ്റുള്ളവരെ ചവിട്ടിത്താഴ്ത്തുന്നു. പഴയ തലമുറ സുവിശേഷത്തിനു വേണ്ടി രക്തസാക്ഷികളായി തീരുവാൻ ഏൽപ്പിച്ചു കൊടുത്തു. പുതിയ തലമുറ സുവിശേഷത്തെ ആദായസൂത്രമാക്കി മാറ്റി. തങ്ങൾക്ക് മാത്രമല്ല അടുത്ത തലമുറയ്ക്ക് വേണ്ടി കൂടിയുള്ള സമ്പാദ്യ മാർഗ്ഗമാക്കി മാറ്റിക്കഴിഞ്ഞു.

യേശു തന്റെ ശുശ്രൂഷയിൽ പ്രസിദ്ധിയോ, പ്രശംസയോ, സ്ഥാനമോ, കൂടുതൽ ജനത്തെയോ, പ്രതിഫലമോ ആഗ്രഹിച്ചിരുന്നില്ല. തന്റെ ശുശ്രൂഷയിൽ വിടുതൽ പ്രാപിച്ച ആരെയും എങ്ങും കൊണ്ട് നടന്ന് സാക്ഷ്യം പറയിപ്പിച്ചിട്ടുമില്ല.

നമ്മുടെ ജീവിതം കൊണ്ട് ക്രിസ്തുവിന്റെ സദ് വാർത്തയെ ഘോഷിക്കുന്ന പത്രമാകുവാൻ നമുക്ക് കഴിയണം. നമ്മുടെ പ്രവർത്തികൾ യേശുവിനെ വെളിപ്പെടുത്തുന്നതായി തീരട്ടെ. നാം യേശു കാണിച്ച മാതൃക സുവിശേഷീകരണത്തിലേക്ക് മടങ്ങി വരേണ്ടിയിരിക്കുന്നു. അതിനായി ദൈവം നമ്മെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.




# എന്നാലും എന്റെ നെടുവേലി സഖാവെ...

നമ്മുടെ കുമ്പനാട്ടു നിന്നും ഐപിസിയുടെ പെന്തക്കോസ്ത് പ്രതിനിധികൾ നമ്മുടെ മിതഭാഷിയും മുഖ്യനുമായ പിണറായി സഖാവിനെ കാണാൻ പോയത് 'ഇത് കഥയല്ല ജീവിതം' പോലെയായിപ്പോയി എന്ന് പറയാതെ വയ്യ.

വളരെ ആകാംഷയോട് ഐപിസിയുടെ പ്രതിനിധികൾ പിണറായി സഖാവിനെ കാണാൻ പോയത് ഒരു തമാശയായി പരിണമിച്ചു. സഖാവിനെ കാണാൻ അപ്പോയിൻമെന്റ് കിട്ടിയപ്പോൾ നെടുവേലിയും, കേസിയും കൂട്ടരും വിരുന്നു വീട്ടിൽപോകുമ്പോഴുള്ള സന്തോഷത്തോടെയാണ് പോയത്. ഇതാ മുഖ്യന്റെ മുൻപിൽ പെട്ട നെടുവേലിയും കൂട്ടരും പരിസരം മറന്നു പഴയ കഥകൾ ഓർപ്പിക്കാനുള്ള ശ്രമം നടത്തി. തന്റെ വീരശൂര പരാക്രമങ്ങളും, താൻ പഴയ സഖാവാണെന്നും, മാത്രമല്ല, ഇപ്പോഴും ഞാൻ സഖാവായിത്തന്നെ തുടരുന്നെന്നും ആവർത്തിച്ച് പറഞ്ഞു പിണറായി സഖാവിനെ ധരിപ്പിക്കാൻ എടുത്ത സമയം തികച്ചും ദുഖകരം ആയിപോയി. ഒടുവിൽ സമയം കഴിഞ്ഞത് അറിഞ്ഞില്ല. നെടുവേലി സഖാവ് തന്റെ രക്തത്തെ കണ്ടപ്പോൾ എല്ലാം മറന്നു പോയി. കഥയല്ലിത് ജീവിതം ടൈം കഴിഞ്ഞത് സെക്രട്ടറി അറിയിച്ചപ്പോൾ നെടുവേലിയുടെ കണ്ണുകളിൽ ഉരുണ്ടുകൂടിയ മിഴിനീർ സഖാവിനെ ഓർപ്പിക്കുന്നതു ആയിരുന്നു. എന്തായലും പണിപാളി എന്തിനുവേണ്ടി അപ്പോയിൻമെന്റ് എടുത്തോ ആ കാര്യം പറയാൻ കഴിയാതെ ഐപിസിക്കാർ തിരിച്ചു പോകേണ്ടി വന്നു. എന്തു പറയാൻ അല്ലേ ഒരു സഖാവ് ഐപിസിക്ക് വരുത്തിയ വിവരക്കേടിന്റെ ബാക്കി പത്രം. വളരെ മിതഭാഷിയായ പിണറായി സഖാവ് ഒറ്റ നോട്ടത്തിൽ പറഞ്ഞോ എന്നറിയില്ല; മനോഗതം മാത്രമാണ് 'ഇനി അപ്പോയിൻമെന്റ് എടുക്കുമ്പോൾ പഴയ സഖാക്കൾ വരണ്ട' എന്ന് .

ഐപിസിയുടെ നിലയും വിലയും പിണറായി സാറിന് നേരത്തെ അറിയാവുന്നതുകൊണ്ട് കുഴപ്പം ഇല്ല . ഈ നെടുവേലി സഖാവിനു ഒരു സെക്രട്ടറിയെക്കൂടെ കൊണ്ട് നടക്കാൻ വയ്യ; അവസരോചിതമായി സംസാരിക്കാനും പ്രവർത്തിക്കാനും .

ചിരിയോ ചിരി ...

അങ്ങനെ അന്നത്തെ സഭപിരിഞ്ഞു.

# ആത്മീയ വളർച്ചയാണ് സഭക്ക് ആവശ്യം

1 ആത്മീയ ദർശനം കുറഞ്ഞു. സഭകൾ സ്ഥാപനങ്ങളായി മാറി സാക്ഷ്യം സഭയ്ക്കുള്ളിലേയ്ക്ക് ഒതുങ്ങി. സുവിശേഷീകരണ ദൗത്യം പുതു തലമുറയ്ക്ക് സുവിശേഷീകരണത്തേക്കാൾ താല്പര്യം മോടിയുള്ള ആരാധനാലയത്തിനുള്ളിലായി.

കെട്ടിടം പണി കഴിഞ്ഞവർ സെമിത്തേരി പണിക്കും മതിലു പണിക്കുമായി പണം കൂടുതലുള്ളവർ ഹാളിന്റെയും മുകളിൽ അലൂമിനിയം റൂഫ് പണി തുടങ്ങി. പിന്നെയും പണമുള്ളവർ ഹാളുകൾ ശീതീകരിച്ചു. കെട്ടിടം പണി മത്സരമായി. അടുത്ത സഭക്കാരെക്കാൾ വലിയ ഹാൾ പണിയണം. ആഴ്ചയിൽ മൂന്നു മണിക്കൂർ മാത്രം ഉപയോഗിക്കുന്ന കോടികളുടെ സ്ഥാപനങ്ങൾ പണിയുന്നു. പുതിയ വിശ്വാസികൾ പെന്തക്കോസ്ത് സഭകളിൽ വരാതായിട്ട് വർഷങ്ങളായി.

സുവിശേഷീകരണത്തിൽ നിന്ന് സ്ഥാപന സൽക്കരണത്തിലേക്ക് നീങ്ങിയ സഭ ആത്മീയ തകർച്ചയിലാണ്. സഭാ വളർച്ച എന്നാൽ സഭയിൽ പുതിയ വിശ്വാസികൾ മാനസാന്തരപ്പെട്ട് വരുന്നതാണ്. എന്നാൽ പുതുതായി ആരും വരുന്നില്ലെങ്കിലും സഭകൾ എണ്ണത്തിൽപ്പെരുകുന്നുണ്ട്. സഭക്കുള്ളിലെ ഭിന്നതകൾ പരിഹരിക്കപ്പെടാതെ ഭിന്നിച്ചു പോകാൻ പുതിയ കെട്ടിടം പണിത് ഉയർത്തും.

ഒന്നാം നൂറ്റാണ്ടിൽ പീഡനം നിമിത്തം ചിതറിപ്പോകുന്നവർ ചെന്നിടത്തെല്ലാം സുവിശേഷം അറിയിച്ച് സഭകൾ സ്ഥാപിച്ചു. ഇന്ന് അതെ പീഡനവും ഭിന്നിപ്പും കാരണം പിണങ്ങിപ്പോകുന്നവർ അടുത്തടുത്ത് പുതിയ കെട്ടിടം പണിയുന്നു സ്ഥാപനങ്ങളുടെ എണ്ണവും സെന്ററുകളുടെ എണ്ണവും റീജിയനുകളുടെ എണ്ണവും പെരുകുന്നതല്ലാതെ മലയാളി പെന്തക്കോസ്തിൽ വിശ്വാസികളുടെ എണ്ണം കൂടുന്നില്ല. കേരളത്തിൽ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് അറിയപ്പെടുന്ന ഐപിസിയിൽ കേരളത്തിലെ 3000 സഭകളിലും കൂടി ഒന്നേകാൽ ലക്ഷം വിശ്വാസികൾ തികയത്തില്ല.

പടർന്നു പന്തലിച്ചെന്നു പറയുന്നതല്ലാതെ ഒന്നും സംഭവിക്കുന്നില്ല. അമീബ മുറിഞ്ഞു മാറുന്നതുപോലെ കെട്ടിടങ്ങളുടെ എണ്ണം കൂടുന്നു. ഓരോ ഗ്രാമത്തിലും ഓരോ പ്രസ്ഥാനത്തിന്റെ മൂന്നും നാലും സഭകൾ എന്തിനാണ്. കേരളത്തിൽ മലബാറൊഴികെയുള്ള പുതിയ സഭകളുടെ ആവശ്യം ഇല്ല. ഇപ്പോഴുള്ള കെട്ടിടങ്ങൾ ധാരാളമാണ്.

യഹൂദന്മാരുടെ ആലയത്തിൽ നിന്നും ദൈവമഹത്വം എന്നേ നഷ്ടപ്പെട്ടെങ്കിലും "ഗുരോ ഇതാ എങ്ങനെയുള്ള കല്ല്; എങ്ങനെയുള്ള പണി" (ലൂക്കോസ് 13:1) എന്ന് പുകഴ്ച പറഞ്ഞതുപോലെ കെട്ടിടങ്ങളുടെ വലിപ്പം പറഞ്ഞ് അഹങ്കരിക്കുന്നതല്ലാതെ സഭ വളരുന്നില്ല. സഭകളിൽ ആത്മീയ ചൈതന്യം നഷ്ടപ്പെട്ടു. ദർശനം നഷ്ടപ്പെട്ടു. കള്ളന്മാരുടെ ഗുഹകളായി മാറുന്നു.

പിന്നെ, വികസനത്തിന്റെ പേരിൽ പണം പിരിക്കുന്നത് ചിലർക്ക് ആദായമാർഗ്ഗമാണ്. കള്ളക്കണക്കുകൾ പറഞ്ഞ് സഭാ വളർച്ചയെന്ന് ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന നേതാക്കന്മാർ മാനസാന്തരപ്പെടട്ടെ.

നീരുവച്ചു ചീർക്കുന്നതല്ല സഭാ വളർച്ച, ആരോഗ്യകരമായ ആത്മീയ വളർച്ചയാണ് സഭക്ക് ആവശ്യം.

# പഴയനിയമം അനിവാര്യമോ..?

8 ഉള്ളേടത്തു നിയമകർത്താവിന്റെ മരണം തെളിവാൻ ആവശ്യം.

ന്യായപ്രമാണം നീങ്ങുകയല്ല ചെയ്തത് മറിച്ച് യേശുക്രിസ്തുവിൽ കൂടി നിവർത്തിക്കപ്പെടുകയാണ് ചെയ്തതെന്ന് നാം കണ്ടു.

പഴയനിയമ തിരുവെഴുത്ത് പുതിയനിയമ വിശ്വാസികളായ നമുക്കും വേണ്ടി കൂടെ എഴുതപ്പെട്ടിരിക്കുന്നതാണ്! അത് അപ്പസ്തോലനായ പൗലോസ് സുവ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

‘എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു’
(റോമർ 15:4)

“മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുതു‘ എന്നു മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നുവല്ലോ; ദൈവം കാളെക്കു വേണ്ടിയോ ചിന്തിക്കുന്നതു?

അല്ല, കേവലം നമുക്കു വേണ്ടി പറയുന്നതോ? അതേ, ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്നവൻ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കയും വേണ്ടതാകയാൽ നമുക്കു വേണ്ടി എഴുതിയിരിക്കുന്നതത്രെ ‘
(1 കൊരി. 9:9,10)

‘അവന്നു കണക്കിട്ടു എന്നു എഴുതിയിരിക്കുന്നതു അവനെ വിചാരിച്ചു മാത്രം അല്ല,

നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ‘
(റോമർ 4:23–25)

‘ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതുപോലെ നാമും ദുർമോഹികൾ ആകാതിരിക്കേണ്ടതിന്നു തന്നേ‘

‘ഇതു ദൃഷ്ടാന്തമായിട്ടു അവർക്കും സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിന്നായി എഴുതിയുമിരിക്കുന്നു ‘
(1 കോരിന്ത്യർ 10:6,11)

പഴയനിയമ തിരുവെഴുത്ത് പുതിയനിയമ വിശ്വാസികൾക്ക് കൂടി വേണ്ടി എഴുതപ്പെട്ടതാണെന്ന് മാത്രമല്ല, പുതിയനിയമ വിശ്വാസികൾക്ക് അതിനു പ്രാധാന്യം ഉണ്ടെന്നും പൗലോസ് എഴുതിയിരിക്കുന്നു.

‘സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക’
(2 തിമൊ. 2:15)

‘നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുംകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക.

എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു’
(2 തിമൊ. 3:1417)

എല്ലാ തിരുവെഴുത്തും ദൈവനിശ്വാസ്യമെന്ന് പൗലൊസ് പറയുന്നു, എല്ലാ തിരുവെഴുത്തും എന്നാൽ പഴയനിയമവും, പുതിയനിയമവും അതിൽ ഉൾപ്പെടുന്നു, അത് ക്രിസ്തു യേശുവിലെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയാകുന്നതാണെന്ന് പൗലൊസ് വ്യക്തമായി പറയുന്നു.

‘നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു’ (യോഹ. 5:39)

‘അവ എനിക്ക് സാക്ഷ്യം പറയുന്നു‘ എന്ന പ്രയോഗം ശ്രദ്ധിക്കുക,

പഴയനിയമ തിരുവെഴുത്ത് വരുവാനുള്ള മശിഹായെ കുറിച്ച് സാക്ഷീകരിക്കുന്നു.

പഴയനിയമത്തിലെ ഈ വിഷയം വിട്ടുകളഞ്ഞാൽ വിശുദ്ധ വേദപുസ്തകത്തിലെ കാതലായ വിഷയത്തെ അവഗണിച്ചു കളയുകയാണ് ചെയ്യുന്നത്.

തുടർന്നും യോഹന്നാൻ പറയുന്നു,
‘നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; അവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്കു എങ്ങനെ വിശ്വസിക്കും’
(യോഹ. 5:46,47)

യേശുക്രിസ്തു മോശയുടെ വചനങ്ങളേ ആധികാരിക തിരുവെഴുത്തുകളോട് തുല്യമാക്കി,

എല്ലാ തിരുവെഴുത്തും ദൈവനിശ്വാസ്യമാകയാൽ എന്ന് നാം അറിയുന്നു.

പഴയ നിയമമോ, പുതിയ നിയമമോ ആയിരുന്നാലും അത് ദൈവവചനമാണ്.

ഇവിടെ കർത്താവ് പറയുന്നു മോശയുടെ വചനങ്ങളേ അവർ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു, കാരണം അവൻ (മോശ) എന്നെ കുറിച്ച് പറയുന്നു.

അപ്പോൾ മോശയേയും, മോശ നാൽപ്പത് രാവും നാൽപ്പത് പകലും ഭക്ഷണം പൊലും കഴിക്കാതെ ദൈവത്തിൽ നിന്ന് പ്രാപിച്ച് നമുക്ക് നൽകിയ വെളിപ്പാടിനേയും തള്ളിക്കളയുന്നവർ, കർത്താവായ യേശുക്രിസ്തുവിനേയും തള്ളിക്കളയുന്നു.

യേശുക്രിസ്തുവിന്റെ വരവിനെപ്പറ്റി മോശ വ്യക്തമായി എഴുതിയിരിക്കുന്നു,

‘നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കും അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും.

അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും’ (ആവർത്ത. 8:18,19).

അവൻ വരുമ്പോൾ അവന്റെ വാക്കുകളേ കേൾക്കുകയും, വിശ്വസിക്കുകയും ചെയ്യണമെന്ന് മോശ പറയുന്നു. എന്നാൽ ഇപ്പോൾ കർത്താവ് ആഗതനായിട്ടും, ഈ തിരുവെഴുത്ത് കൈവശമുള്ള യഹൂദൻ യേശുവിനെ അങ്ങീകരിച്ചില്ല. അതുകൊണ്ട് മോശ പിതാവിന്റെ മുന്നിൽ അവരെ കുറ്റം വിധിക്കും.കാരണം മോശയിൽ വിശ്വസിക്കുന്നതായി അവർ കാണിച്ചു എങ്കിലും മോശ പറഞ്ഞത് അവർ അനുസരിച്ചില്ല. ‘അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു’ എന്ന കർത്താവിന്റെ പ്രസ്ഥാവനയിൽ പഴയനിയമ തിരുവെഴുത്തിൽ കർത്താവിനെ കുറിച്ചുള്ള പ്രവചനം ഉണ്ടെന്ന് തെളിയുന്നു.

47–ാം വാക്യത്തിൽ നിന്നും മോശയുടെ തിരുവെഴുത്തുകളെ വിശ്വസിച്ചില്ലാ എങ്കിൽ യേശുവിനേയും വിശ്വസിക്കില്ല എന്ന് വ്യക്തമാണ്. പഴയനിയമവും, പുതിയനിയമവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പഴയനിയമ തിരുവെഴുത്തുകളൂടെ ദൈവനിശ്വാസ്യത നിഷേധിക്കുന്ന ഒരുവൻ യേശുവിന്റെ വാക്കുകളേയും വിശ്വസിക്കുകയില്ല,

പഴയനിയമ പുതിയനിയമ തിരുവെഴുത്തുകൾ ദൈവത്തിന്റെ സമ്പൂർണവും, തികവുറ്റതുമായ വെളിപ്പാടാണ്.

‘നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക ‘
(2 തിമൊ. 3:)

ബാല്യം മുതൽ തിമൊഥെയോസ് തിരുവെഴുത്തുകളേ അറിഞ്ഞിരുന്നു. അവന്റെ അമ്മ വചനത്തിന്റെ ആദ്യ പാഠങ്ങൾ അവനെ അഭ്യസിപ്പിക്കുംബോഴും പഴയനിയമ തിരുവെഴുത്തിന്റെ ഭാഗങ്ങളേ ഉദ്ധരിച്ച് കൊണ്ടാണ് ഉപദേശിച്ചത്. ബാല്യം മുതൽ അവൻ ദൈവനിശ്വാസ്യ തിരുവെഴുത്തിന്റെ സ്വാധീനത്തിലാണ് വളർന്ന് വന്നത്. ദൈവത്തിനും, സൽപ്രവർത്തിക്കും തന്നെ കരുപിടുപ്പിച്ച വിശുദ്ധ തിരുവെഴുത്തിനെ അവൻ മറക്കാൻ പാടില്ല! മനുഷ്യനെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായതാണ് വിശുദ്ധ തിരുവെഴുത്ത്.

പുതിയനിയമവും, പഴയനിയമവും ഒരു പൊലെ സമ്പൂർണമായും ദൈവീക വെളിപ്പാടാണ്! പഴയതും, പുതിയതും ഒരുപോലെ നമുക്ക് ആവശ്യമാണ്! കാരണം ദൈവം തന്ന ഒരു നിയമവും ഒരിക്കലും മാറുകയില്ല, മറിച്ച് അതിനു പൂർത്തീകരണമാണ് വരുന്നത്. പഴയ ഉടമ്പടിക്ക് കീഴിൽ വീണു പോയ മനുഷ്യനു സാധിക്കാഞ്ഞതു പുതിയ ഉടംബടിയുടെ കീഴിൽ (യിരമ്യാ. 31:31–34, യെഹ. 36:22–36 ) യേശുക്രിസ്തു പൂർത്തിയാക്കി. (യോഹ. 3:16, യെശ. 53) ബാഹ്യമായ വ്യവസ്ഥകൾക്ക് പകരമായി ദൈവം ഒരു ആന്തരിക ആത്മാവിനേയും പുതിയ ഹൃദയത്തേയും പുതിയ മനസിനേയും ദാനം ചെയ്തു. ഈ പുതിയ ഉടമ്പടി മനുഷ്യന്റെ പ്രവർത്തികളിലല്ല, മറിച്ച് യേശുക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയിലെ വിശ്വാസത്തിലും, മാനസാന്തരത്തിലും അടിസ്ഥാനപ്പെട്ടതാണ് ( ഷ്രുവലശെമിെ 2:810 ) ഈ രണ്ട് ഉടംബടികളൂം ഭക്തിനിർഭരമായ പുതിയ ജീവിത രീതി ആവിശ്യപ്പെടുന്നു. (എഫേ. 1:4, 2:10)വീണ്ടും ജനിച്ച നമ്മിൽ ഓരോരുത്തരിലും അധിവസിക്കുന്ന പരിശുദ്ധാന്മാവിനെ നാം അനുസരിക്കുമ്പോൾ നമ്മിലൂടെ ന്യായപ്രമാണത്തിന്റെ നീതി വെളിപ്പെട്ടുവരുന്നു ( റോമർ 8:4 )

അതിനാൽ പുതിയനിയമ പോലെ തന്നെ വളരെ അനിവാര്യവും, പ്രധാനപ്പെട്ടതുമായ തിരുവെഴുത്താണ് പഴയനിയമവും.

# യേശുവിന്റെ ജഡാവതാര ലക്ഷ്യം മറന്നു പോകുന്ന കെ.സി ജോൺ...

1 ന പഠിതാക്കൾക്കും ദൈവമക്കൾക്കും അംഗീകരിക്കാനാകില്ല.

സത്യദൈവമായ യേശുവിന്റെ സമത്വം നിഷേധിക്കുന്ന പലരും ദൈവത്തിന്റെ വെളിപ്പാടായ പിതാവ് അതെ ദൈവത്തിന്റെ സമ്പൂർണ വെളിപ്പാടായ പുത്രനെ ‘ദൈവമേ!‘ എന്ന് അഭിസംബോധന ചെയ്യുന്നത് (എബ്രായ 1:8) മനസ്സോടെ മറന്നുകളയുന്നു. മനുഷ്യനായി അവതരിച്ച യേശുക്രിസ്തു പൂർണ ദൈവമല്ലെന്നുള്ള രീതിയിൽ നിസ്സഹായാവസ്ഥയെ ഉയർത്തികാട്ടി ദൈവവും പിതാവുമായവന്റെ പുത്രൻ മാത്രമാണ് യേശു ക്രിസ്തു എന്ന ഇസ്ലാമിക ദൈവശാസ്ത്രത്തെ ശാക്തീകരിക്കുന്ന വേദശാസ്ത്ര പണ്ഡിതനും ഒരു മുൻനിര സഭാപ്രസ്ഥാനത്തിന്റെ അമരക്കാരിലൊരാളുമായ പാസ്റ്റർ കെ സി ജോൺ യേശു ക്രിസ്തുവിന്റെ മനുഷ്യാവതാര ലക്ഷ്യവും, പരിമിതികളും, സ്വയം ശൂന്യതയും (കെനോസിസ്) ഇതുവരെയും മനസ്സിലാക്കിയിട്ടില്ല എന്ന് വേണം കരുതാൻ. യേശുവിന്റെ ജഡാവതാര ലക്ഷ്യം മറന്നു പോയ പാസ്റ്റർ കെ സി ജോൺ അർത്ഥ ശൂന്യമായ അനേക ചോദ്യങ്ങൾ ചോദിച്ചു കൊണ്ട് യേശുവും പിതാവും ഒന്നല്ല എന്ന് സ്ഥാപിക്കാനുള്ള ശ്രമം, യേശു ദൈവമല്ല പിതാവിനോട് പ്രാർത്ഥിക്കുന്ന പുത്രനും കർത്താവും മാത്രമാണെന്നും പറഞ്ഞു വെക്കുമ്പോൾ യേശു ദൈവമാണെന്നുള്ള സത്യം മാത്രം തള്ളിക്കളയുന്നു. ലോഗോസ് എന്ന വാക്കിനെ പോലും യേശുവിന്റെ നിസ്തുല്യതയെ ചോദ്യം ചെയ്യുന്ന പാസ്റ്റർ കെ സി ക്കു ആ വാക്യം വിശദീകരിച്ചപ്പോൾ യേശു ദൈവമാണെന്ന് പറയാതെ പറയേണ്ടി വന്നു.

യേശുവിനെ അയച്ചവൻ യേശുവിനേക്കാളും വലിയവൻ എന്ന് യേശുവിന്റെ ഉദ്ധരണി ചൂണ്ടി കാണിച്ചു കൊണ്ട് യേശുവിനെ പിതാവിലും ചെറുതായി ചിത്രീകരിക്കുന്ന പാസ്റ്റർ കെ സി യേശു അയക്കപ്പെട്ടവൻ മാത്രമല്ല ‘തന്നെത്താൻ ഒഴിഞ്ഞു’ വേഷത്തിൽ മനുഷ്യനായ ദൈവത്തിന്റെ സമ്പൂർണ വെളിപ്പാടായ, ദൈവത്തോടുള്ള സമത്വം വിട്ടു മനുഷ്യ വേഷം ധരിച്ചവനായ ദൈവമാണെന്നും മനസ്സോടെ തെറ്റിദ്ധരിപ്പിക്കുകയോ മറന്നു പോകുകയോ ചെയ്യുന്നു.

ദൈവത്തിന്റെ ജീവനുള്ള പ്രതിമയാണ് ക്രിസ്തു എന്ന വാക്യത്തെ ചോദ്യം ചെയ്തു കൊണ്ട് യേശു ക്രിസ്തു ദൈവത്തിന്റെ വലതു ഭാഗത്തിരിക്കുന്നതു കൊണ്ട് യേശു ദൈവത്തിൽ നിന്നും വ്യത്യസ്തമാണെന്നും പറഞ്ഞു കേട്ടപ്പോൾ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരെയും ഇതായിരിക്കണം ഇദ്ദേഹം പഠിപ്പിച്ചത്..... അവർ നടത്തുന്ന സഭകളും യേശു ക്രിസ്തുവിനെ ദൈവത്തിൽ നിന്നും വ്യത്യസ്തനായി പഠിപ്പിക്കുന്നുണ്ടോ എന്നും ഭയപ്പെടുന്നു...... ഏകസത്യദൈവത്തിന്റെ സമ്പൂർണ വെളിപ്പാടായ പിതാവിനോട് അതെ ദൈവത്തിന്റെ പുത്രനായ യേശുവിനോടും പ്രാർത്ഥിക്കാമെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും സമ്പൂർണ ദൈവമാണെന്നും നിത്യനാണെന്നും തിരുവെഴുത്തു വ്യക്തമാക്കിയിരിക്കെ, യേശുവിനെയും ദൈവത്തെയും രണ്ടായി ചിത്രീകരിക്കുന്ന ആത്മാവായ ഏകസത്യ ദൈവത്തിന്റെ മടിയെയും വലതു വശത്തേയും അക്ഷരീകമായി ചിത്രീകരിച്ചു യേശുവിന്റെ പിതാവാണ് ദൈവം എന്ന രീതിയിലുള്ള വിശദീകരണം ദൈവശാസ്ത്രത്തിനും അതിനു ആധാരമായ തിരുവചനത്തിനും ഒട്ടും യോജിക്കുന്നതല്ല. ഏറ്റവും രസം, അദ്ദേഹത്തിന്റെ ഉപസംഹാരമാണ് ദൈവത്തിൽ നിന്നും വ്യത്യസ്തനാണ് യേശുവിന്റെ വലതു ഭാഗത്തിരിക്കുന്ന യേശു എന്ന് സ്ഥാപിക്കാൻ ശ്രമിച്ച പാസ്റ്റർ കെ സി ജോൺ അവസാനം ദൈവം ഒരാളാണെന്നും ആ ദൈവത്തിൽ മൂന്നു ആളുകളുണ്ടെന്നും പറഞ്ഞ അദ്ദേഹം വീഡിയോയിൽ പറഞ്ഞ ദൈവം പിതാവാണ് അതായത് പിതാവിൽ മൂന്നു ആളുകളുണ്ടെന്നാണ് പാസ്റ്റർ കെ സി ജോണിന്റെ നിഗമനം. ആ പിതാവിലുള്ള ആ മൂന്നു ആരൊക്കെയാണന്നറിയാനായി അടുത്ത വീഡിയോക്കായി ഞാൻ കാത്തിരിക്കുന്നു. യേശുവിനെ ദൈവത്തിൽ നിന്നും വ്യത്യസ്തനാക്കിയ പാസ്റ്റർ കെ സി ജോൺ, പിതാവിൽ മൂന്നു വ്യക്തികളുണ്ടെന്നു ഉപസംഹരിച്ചപ്പോൾ നേരെചൊവ്വേ വീഡിയോ കാണാതെ അനേകർ അദ്ദേഹത്തോടുള്ള വ്യക്തി പൂജ കാരണം അദ്ദേഹത്തെ പിന്തുണക്കാനിറങ്ങുന്നതു ദൈവീകമല്ല. വ്യക്തികളെ ബഹുമാനിക്കൂ പക്ഷെ അവരുടെ ഉപദേശങ്ങളെ തിരുവചനാടിസ്ഥാനത്തിൽ വിവേചിക്കൂ. പിതാവും പുത്രനും പരിശുദ്ധാത്മാവും ആയി വെളിപ്പെട്ട ഏകസത്യദൈവമേ നമുക്കുള്ളൂ എന്ന സത്യം മനസ്സിലാക്കൂ. യേശുവേ എന്ന് വിളിച്ചാലും പിതാവേ എന്ന് വിളിച്ചാലും പരിശുദ്ധാത്മാവേ എന്ന് വിളിച്ചാലും നാം വിളിക്കുന്നത് ആ ഏകസത്യദൈവത്തെയാണ് ..... ആ ദൈവത്തിനു മഹത്വം ...

PADAYALI NEWS

www.padayali.com Email: padayalinews@gmail.com Facebook: www.facebook.com/padayalinews



# പഴയനിയമം അനിവാര്യമോ..?



റോബിൻ മാത്യു

ഇന്നത്തെ തലമുറ ഉയർത്തുന്ന പ്രധാനപ്പെട്ട ഒരു ചോദ്യമാണ്, പഴയനിയമം ആവശ്യമോ ഇല്ലയോ എന്നത്.

വിശുദ്ധ തിരുവെഴുത്ത് ഈ വിഷയത്തിൽ എന്തു പറയുന്നു എന്നതാണ്, നാം നോക്കേണ്ടത്.

ഉപദേശ വിഷയങ്ങളും മറ്റും വിശകലനം ചെയ്യുമ്പോൾ അതിനു പൊതുവായി ഒരു മാനദണ്ഡം ഉണ്ടായിരിക്കണം. അത് ഇല്ലാതെ ഒരു വിഷയത്തിനു തീർപ്പ് ഉണ്ടാക്കുക അസാദ്ധ്യം.

അങ്ങനെ എങ്കിൽ നമുക്ക് ഈ വിഷയത്തിൽ ഒരു തീരുമാനത്തിലെത്താൻ ഉപയോഗിക്കാവുന്ന ഏക മാനദണ്ഡം വിശുദ്ധ തിരുവെഴുത്ത് തന്നെയാണ്!

'ആകാശവും ഭൂമിയും മാറിയാലും എന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവും ഇല്ല' എന്ന് നമ്മുടെ കർത്താവ് അരുളി ചെയ്തിട്ടുണ്ടല്ലോ?

അതുകൊണ്ട് എന്തൊക്കെ തന്നെ സംഭവിച്ചാലും ഇതിൽ എഴുതപ്പെട്ടു തന്നിരിക്കുന്നതിനു യാതൊരു വിധ മാറ്റങ്ങളും ഇല്ല എന്ന നിത്യസത്യത്തെ നാം ആദ്യം ഉൾക്കൊള്ളണം. പഴയനിയമ തിരുവെഴുത്തിന്റെ ദൈവനിശ്വാസ്യത കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകളിലൂടെ നിശ്ചയമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നതാണ്!

'ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കുവാൻ വന്നു എന്ന് നിരൂപിക്കരുത്.നീക്കുവാനല്ല, നിവർത്തിപ്പാനത്രേ വന്നത് '

ന്യായപ്രമാണം നീങ്ങുകയല്ല മറിച്ച് നിവർത്തിക്കപ്പെടുകയാണ് ചെയ്യുന്നത് എന്ന യേശുവിന്റെ സുവ്യക്തമായ പ്രസ്ഥാവനയാണിത്.

യേശുക്രിസ്തു ന്യായപ്രമാണം നിവർത്തിക്കേണ്ടതിന്റെ ആവിശ്യം എന്തായിരുന്നു?? പാപം ചെയ്ത് ദൈവത്തിൽ നിന്നും മനുഷ്യൻ അകന്നു പോയി, ആദാമിന്റെ ലംഘനം അവനിൽ നിന്ന് ഉളവായ സകലരിലും വ്യാപരിച്ചു.അത് കൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിലേക്ക് കടന്നു' (റോമർ 5:12).

നിത്യനായ ദൈവം പരിശുദ്ധൻ ആകയാൽ പാപിയായ മനുഷ്യനോട് ഒരുമിച്ചു വസിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ ദൈവ തിരുഹൃദയത്തിൽ മറഞ്ഞു കിടന്നിരുന്ന മർമ്മം ഈ പുതുസൃഷ്ടിയായ സഭ ആയിരുന്നു
(എഫേസ്യർ 3:9-11).

മനുഷ്യൻ പാപം ചെയ്ത് അകന്നപ്പോൾ ദൈവ തിരു ഹൃദയത്തിലെ പദ്ധതി പൊളിയുകയല്ല ചെയ്തത്, മറിച്ച് സർവ്വജ്ഞാനി ആകുന്ന ദൈവം മനുഷ്യന്റെ വീണ്ടെടുപ്പിനു വേണ്ടിയത് അവന്റെ സൃഷ്ടിക്ക് മുന്നമെ തന്നെ ഒരുക്കിയിരുന്നു. തന്നിൽ നിന്ന് അകന്ന മനുഷ്യനെ തിരികെ തന്നിലേക്ക് അടുപ്പിക്കുവാൻ സ്നേഹവാനായ ദൈവം മനുഷ്യരുടെ ഇടയിൽ നിന്നും തന്നെ ഒരു ജനത്തെ തിരഞ്ഞെടുത്തു.

'നീ ഫറവോനോടു: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നേ. എനിക്കു ശുശ്രൂഷ ചെയ്‌വാൻ എന്റെ പുത്രനെ വിട്ടയക്കേണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു; അവനെ വിട്ടയപ്പാൻ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെ തന്നേ കൊന്നുകളയും എന്നു പറക' (പുറപ്പാട് 4:22, 23).

പാപം ചെയ്ത മനുഷ്യന്റെ പാപ പരിഹാരത്തിനു വേണ്ടി ദൈവം വച്ച വ്യവസ്ഥയുടെ ആകെ തുകയാണ് ന്യായപ്രമാണം. മനുഷ്യൻ പൊതുവെ അഹങ്കാരിയാണ്, തനിക്ക് ഒരുത്തന്റെയും ഔദാര്യം വേണ്ട എന്ന നിലപാടിലാണ് അവന്റെ നിൽപ്പ്. അത് മനുഷ്യന്റെ സ്വഭാവമാണ്. ആത്മരക്ഷയുടെ കാര്യത്തിലും അങ്ങനെ തന്നെയാണ്. ഞാൻ ചെയ്തോളാം എന്നാണ് അവൻ പറയുന്നത്. ശരി, നീ ചെയ്തോളുമല്ലോ, ദേ ഇതൊക്കെയാ ചെയ്യേണ്ടത്.

'ഇത് ചെയ്യുന്നവൻ ഇതിനാൽ ജീവിക്കും '

ഇതൊക്കെ ചെയ്യണമെന്ന് പറഞ്ഞ് നമ്പരിട്ടു മനുഷ്യന്റെ കയ്യിൽ കൊടുത്തു. എന്നിട്ട് മനുഷ്യവർഗ്ഗത്തിലെ മിടുക്കന്മാരെ തെരഞ്ഞെടുത്തു. എന്നിട്ടു ചെയ്തോളാൻ പറഞ്ഞു. ഇതു ചെയ്യുമ്പോൾ ഇന്ന നന്മ തരാം. തെറ്റിച്ചാൽ ശിക്ഷ തരും എന്ന് പറഞ്ഞു; അത് അതിനുള്ള പ്രോത്സാഹനമായിട്ടായിരുന്നു. ഇവിടെ നന്മകൾ കൊടുത്തത് ന്യായപ്രമാണത്തിന്റെ വ്യവസ്ഥകൾ ആചരിക്കുവാനുള്ള പ്രോത്സാഹനമായിട്ടായിരുന്നു.
സങ്കീർത്തനം 105:45,46

'അവർ തന്റെ ചട്ടങ്ങളെ പ്രമാണിക്കയും തന്റെ ന്യായപ്രമാണങ്ങളെ ആചരിക്കയും ചെയ്യേണ്ടതിന്നു അവൻ ജാതികളുടെ ദേശങ്ങളെ അവർക്കും കൊടുത്തു; അവർ വംശങ്ങളുടെ അദ്ധ്വാനഫലം കൈവശമാക്കുകയും ചെയ്തു'
എന്തിനാ കൊടുത്തത്?

ചട്ടങ്ങൾ പ്രമാണിപ്പാനും, കൽപ്പനകൾ ആചരിക്കുവാനും ആയിരുന്നു. ഇങ്ങനെ എല്ലാ പ്രോൽസാഹങ്ങളും ദൈവം കൊടുത്തു. ഇതെല്ലാം കൊടുത്തിട്ട് അവർ തന്റെ മക്കളാണെന്ന പദവിയും കൊടുത്തു.

യിസ്രായേലിനെ മക്കൾ, ആദ്യജാതൻ എന്ന പദവി സ്വീകരിച്ച് ന്യായപ്രമാണം നിവർത്തിക്കുവാൻ ആവിശ്യമായ പ്രോത്സാഹങ്ങളായ വാഗ്ദത്തങ്ങളും കൊടുത്ത് കൽപ്പനകളും ചട്ടങ്ങളും 'ക്ലാസിഫൈഡ് ഇൻഫോർമേഷൻ'നായി അവരുടെ കയ്യിൽ കൊടുത്തു. പക്ഷേ അവർ പരാജയപ്പെട്ടു.

ന്യായപ്രമാണം നിവർത്തിക്കുന്നതിൽ യിസ്രായേൽ പരാജയപ്പെട്ടപ്പോൾ, യിസ്രായേലിനു നൽകപ്പെട്ട 'ദൈവപുത്രൻ' എന്ന പദവി ക്രിസ്തു സ്വീകരിച്ച് കൊണ്ട്, 'ന്യായപ്രമാണത്തിൻ കീഴെ ഇവിടെ വരുകയും (ഗലാത്യർ 4:4). യിസ്രായേലിനു അപ്രാപ്യമായിരുന്ന 'ന്യായപ്രമാണം' അതിനു കീഴെ നിന്ന് കൊണ്ട്, യിസ്രായേലിനു ലഭിച്ച അതെ പദവിയിൽ നിന്ന് കൊണ്ട് തന്നെ പൂർത്തികരിക്കുകയും ചെയ്തു. 'പാപം ചെയ്യുന്ന ദേഹി മരിക്കണം' എന്ന ന്യായപ്രമാണത്തിന്റെ വ്യവസ്ഥ ക്രിസ്തു കാൽവരി ക്രൂശിൽ 'സകലവും നിവർത്തിയായി' എന്ന് പറഞ്ഞുകൊണ്ട് പൂർത്തികരിച്ചു.

തിരുവെഴുത്ത് ആദിയോടന്തം പരിശോധിച്ചാൽ ന്യായപ്രമാണത്തിനു യാതൊരു കുഴപ്പവും ഉള്ളതായി കാണുവാൻ കഴിയില്ല. എബ്രായ ലേഖകൻ പറയുന്ന ഒരു വാക്യമാണ്, ന്യായപ്രമാണം കുറവുള്ളതാണെന്ന് പറയുവാൻ എടുത്ത് കാണിക്കുന്നത്.

'ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന്നു ഇടം അന്വേഷിക്കയില്ലായിരുന്നു' (എബ്രായർ 8:7)

ആദ്യം മനസിലാക്കേണ്ടത്, ദൈവം തരുന്ന ഒന്നിനും കുറവ് ഉണ്ടായിരിക്കുകയില്ല. ദൈവം തന്ന നിയമത്തിനു മാറ്റവും ഇല്ല, മറിച്ച് അതിനു നിവർത്തീകരണമെയുള്ളൂ. അത് ആദ്യം മനസിലാക്കുക, എങ്കിൽ ഇവിടെ ലേഖകൻ പറയുന്ന 'കുറവ് ' എന്തിന്റെ ആണ്? ന്യായപ്രമാണത്തിന്റെ ആണോ? ഒരിക്കലും അല്ല!
'ന്യായപ്രമാണം വിശുദ്ധവും, കൽപ്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ' (റോമർ 7:12).

എങ്കിൽ പിന്നെ 'കുറവ്' എന്തിനായിരുന്നു? സംശയമില്ല, ഏതൊരു ജനത്തിനാണോ അത് നൽകപ്പെട്ടത് അവർക്ക് തന്നെയായിരുന്നു കുഴപ്പം. ജനത്തിനു അനുസരിപ്പാൻ കഴിയില്ലായിരുന്നു. അത് പുതിയനിയമവും, പഴയനിയമവും ഒരുപോലെ പറയുന്നു.

ജഡത്താലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിന്നു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു' (റോമർ 8:3).

ദൈവം കുറ്റം കണ്ടെത്തിയത് ഉടമ്പടിയിലല്ല. ഉടമ്പടിയുടെ ജനതയിൽ ആണ്. 'ജഡത്താലുള്ള ബലഹീനത' എന്ന് പൗലൊസ് പറയുന്നതും അത് തന്നെയാണ്! ന്യായപ്രമാണത്തിനല്ല കുഴപ്പം; മറിച്ച് അത് ലഭിച്ച ജനത്തിനാണ്. അനുസരിക്കുന്നതിനുള്ള മനുഷ്യന്റെ വാഗ്ദത്തിന്മേൽ അധിഷ്ഠിതമായിരുന്നു ആദ്യത്തെ ഉടമ്പടി.

'യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും എന്നു ജനം ഉത്തരം പറഞ്ഞു. മോശെ ജനത്തിന്റെ വാക്കു യഹോവയുടെ സന്നിധിയിൽ ബോധിപ്പിച്ചു'

'അവൻ നിയമപുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്നു അവർ പറഞ്ഞു' (പുറപ്പാട് 19:8, 24:7)

എബ്രായ ലേഖകൻ പറയുന്ന 'കുറവ്' ന്യായപ്രമാണത്തിനല്ല, മറിച്ച് അത് ലഭിച്ച ജനത്തിനാണെന്ന് നാം മനസിലാക്കി. എങ്കിൽ ന്യായപ്രമാണം മാറുകയല്ല അത് നിവർത്തിക്കപ്പെടുകയാണ് ചെയ്യുന്നതെന്ന് അടുത്ത അദ്ധ്യായത്തിൽ പറയുന്നു.

അതുനിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽനിന്നുള്ള വീണ്ടെടുപ്പിന്നായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കും ലഭിക്കേണ്ടതിന്നു അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു. നിയമമുള്ളയിടത്തു നിയമകർത്താവിന്റെ മരണം തെളിവാൻ ആവശ്യം.

മരിച്ചശേഷമല്ലോ നിയമം സ്ഥിരമാകുന്നതു; നിയമകർത്താവിന്റെ ജീവകാലത്തോളം അതിന്നു ഉറപ്പില്ല. (എബ്രായർ 9:15-17)

ന്യായപ്രമാണം നീങ്ങിപ്പോയില്ല, മറിച്ച് അത് യേശുക്രിസ്തു സ്ഥിരമാക്കുകയാണ് ചെയ്തതെന്ന് തിരുവെഴുത്തിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും.

നിയമകർത്താവിന്റെ മരണത്താൽ നിയമം മാറുകയല്ല ചെയ്യുന്നത് മറിച്ച് സ്ഥിരമാകുകയാണ് ന്യായപ്രമാണം നീങ്ങിപ്പോയില്ല, മറിച്ച് അത് യേശുക്രിസ്തു സ്ഥിരമാക്കുകയാണ് ചെയ്തതെന്ന് തിരുവെഴുത്തിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും!

എബ്രായ ലേഖകൻ പറയുന്ന 'കുറവ് ' ന്യായപ്രമാണത്തിനല്ല, മറിച്ച് അത് ലഭിച്ച ജനത്തിനാണെന്ന് നാം മനസിലാക്കി. എങ്കിൽ ന്യായപ്രമാണം മാറുകയല്ല അത് നിവർത്തിക്കപ്പെടുകയാണ് ചെയ്യുന്നതെന്ന് അടുത്ത അദ്ധ്യായത്തിൽ പറയുന്നു.

അതുനിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽനിന്നുള്ള വീണ്ടെടുപ്പിന്നായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കും ലഭിക്കേണ്ടതിന്നു അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു. നിയമം

7

**ഏകസത്യദൈവത്തിന്റെ സമ്പൂർണ വെളിപ്പാടായ പിതാവിനോട് അതെ ദൈവത്തിന്റെ പുത്രനായ യേശുവിനോടും പ്രാർത്ഥിക്കാമെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും സമ്പൂർണ ദൈവമാണെന്നും നിത്യനാണെന്നും തിരുവെഴുത്തു വ്യക്തമാക്കിയിരിക്കെ, യേശുവിനെയും ദൈവത്തെയും രണ്ടായി ചിത്രീകരിക്കുന്ന ആത്മാവായ ഏകസത്യദൈവത്തിന്റെ മടിയെയും വലതു വശത്തേയും അക്ഷരീകമായി ചിത്രീകരിച്ചു യേശുവിന്റെ പിതാവാണ് ദൈവം എന്ന രീതിയിലുള്ള വിശദീകരണം ദൈവശാസ്ത്രത്തിനും അതിനു ആധാരമായ തിരുവചനത്തിനും ഒട്ടും യോജിക്കുന്നതല്ല.**